ക്ലാസ് X

# സാമൂഹ്യശാസ്ത്രം I

# ഉള്ളടക്കം

1. ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ
2. ലോകം ഇരുപതാം നൂറ്റാണ്ടിൽ
3. പൊതുഭരണം
4. ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും
5. സംസ്കാരവും ദേശീയതയും
6. സമരവും സ്വാതന്ത്ര്യവും
7. സ്വാതന്ത്ര്യാനന്തര ഇന്ത്യ
8. കേരളം ആധുനികതയിലേക്ക്
9. രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും
10. പൗരബോധം
11. സമൂഹശാസ്ത്രം: എന്ത്? എന്തിന്?

## അധ്യായം – 1
## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

സ്വാതന്ത്ര്യവും അവകാശങ്ങളും നിഷേധിക്കപ്പെട്ട ജനത ലോകമെമ്പാടുമുണ്ടായിരുന്നു. നവോത്ഥാനത്തെത്തുടർന്ന് വളർന്നുവന്ന മാനവികത, ശാസ്ത്രബോധം, അന്വേഷണാത്മകത, യുക്തി ചിന്ത തുടങ്ങിയവ ജ്ഞാനോദയത്തിനിടയാക്കി. ജനാധിപത്യം, സമത്വം, ദേശീയത തുടങ്ങിയ ആശയങ്ങൾ പ്രചരിപ്പിക്കപ്പെട്ടു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ അവ വിപ്ലവങ്ങൾക്ക് വിത്തുപാകി. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടന്ന ഏതാനും വിപ്ലവങ്ങളെയാണ് ഈ യൂണിറ്റിലൂടെ പരിചയപ്പെടുത്തുന്നത്.

**പ്രധാന ആശയങ്ങൾ:**

**അമേരിക്കൻ സ്വാതന്ത്ര്യസമരം.**

- മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- ചിന്തകൻമാരുടെ സ്വാധീനം
- കോണ്ടിനെന്റൽ കോൺഗ്രസ്സ്
- സമരത്തിന്റെ സ്വാധീനം

**ഫ്രഞ്ച് വിപ്ലവം**

- സാമൂഹിക അസമത്വം
- മൂന്ന് എസ്റ്റേറ്റുകൾ
- ചിന്തകൻമാരുടെ സ്വാധീനം
- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം
- ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം
- നെപ്പോളിയന്റെ പരിഷ്ക്കാരങ്ങൾ

**ലാറ്റിനമേരിക്കൻ വിപ്ലവം**

- ലാറ്റിനമേരിക്കയിലെ യൂറോപ്യൻ കുടിയേറ്റം
- കോളനിവാഴ്ചയുടെ സ്വാധീനം
- ലാറ്റിനമേരിക്കൻ വിപ്ലവനേതൃത്വം.

**റഷ്യൻ വിപ്ലവം**

- ഏകാധിപത്യം
- മെൻഷെവിക്കുകൾ, ബോൾഷെവിക്കുകൾ
- രക്തരൂക്ഷിതമായ ഞായറാഴ്ച
- ഫെബ്രുവരിവിപ്ലവം
- താല്ക്കാലിക ഗവൺമെന്റ്
- ഭൂമി കർഷകർക്ക്, ഫാക്ടറി പൊതുസ്വത്ത്
- ഒക്ടോബർവിപ്ലവം
- റഷ്യൻവിപ്ലവത്തിന്റെ ഫലങ്ങൾ

**ചൈനീസ് വിപ്ലവം**

- ബോക്സർ കലാപം
- കുമിന്താങ് പാർട്ടി
- സൻയാത്സെന്നിന്റെ ആശയങ്ങൾ-ദേശീയത, ജനാധിപത്യം, സോഷ്യലിസം
- ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി -മാവോ സെ തുംഗ്
- ചുവപ്പുസേന - ലോങ് മാർച്ച്
- ജനകീയ ചൈന റിപ്പബ്ലിക്ക്

**പ്രവർത്തനം - 1**

**അമേരിക്കൻ സ്വാതന്ത്ര്യ സമരം**

അമേരിക്കൻ സ്വാതന്ത്ര്യസമരം ആരംഭിക്കുന്നതിനിടയാക്കിയ കാരണങ്ങളിൽ പ്രധാനപ്പെട്ടത് മെർക്കന്റലിസ്റ്റ് നിയമങ്ങളാണ്. താഴെ കൊടുത്തിരിക്കുന്ന ചാർട്ടിലെ ചിത്രസൂചനകൾ നിരീക്ഷിച്ച് ഇംഗ്ലണ്ട് അമേരിക്കൻ കോളനികളിൽ അടിച്ചേൽപ്പിച്ച മെർക്കന്റലിസ്റ്റ് നിയമങ്ങൾ ഓരോന്നിനേയും സംബന്ധിച്ച് ലഘുവിവരണങ്ങൾ തയ്യാറാക്കുക.

**മെർക്കന്റലിസ്റ്റ് നിയമങ്ങൾ**


1


2



3


4


5

1 കപ്പൽ ..........................................................................................................................

2. സൈന്യം ..........................................................................................................................

3. സ്റ്റാമ്പ് ..........................................................................................................................

4. പേപ്പർ, ..........................................................................................................................

5. പഞ്ചസാര ..........................................................................................................................

**പ്രവർത്തനം - 2**

ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്നും അനുയോജ്യമായവ തെരഞ്ഞെടുത്ത് അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിലേക്ക് നയിച്ച സംഭവങ്ങളുടെ ഫ്ളോചാർട്ട് പൂർത്തിയാക്കുക.

- സ്വാതന്ത്ര്യപ്രഖ്യാപനം
- ജോർജ് വാഷിംങ്ടണിനെ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു.
- പ്രാതിനിധ്യമില്ലാതെ നികുതി ചുമത്തരുത്
- പതിമൂന്ന് കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.

1774 ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്

* ........................................................................................................................................................

↓

1775 രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്

* ........................................................................................................................................................

↓

1776 അമേരിക്കൻ കോണ്ടിനെന്റൽ കോൺഗ്രസ്

* ........................................................................................................................................................

↓

1783 പാരിസ് ഉടമ്പടി

* ........................................................................................................................................................

**പ്രവർത്തനം – 3**


അമേരിക്കൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ചില പ്രസ്താവനകളാണ് താഴെ കൊടുത്തിരിക്കുന്നത്. തന്നിരിക്കുന്ന വ്യക്തികൾക്ക് നേരെ ബന്ധപ്പെട്ട പ്രസ്താവനകൾ തെരഞ്ഞെടുത്ത് എഴുതുക.

- അമേരിക്കൻ ഭരണഘടന തയ്യാറാക്കി
- പ്രതിനിധ്യമില്ലാതെ നികുതി ഇല്ല.
- മനുഷ്യന് ചില മൗലീകാവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.
- സ്വാതന്ത്ര്യപ്രഖ്യാപനം തയ്യാറാക്കി.
- ''കോമൺസെൻസ്'' എന്ന ലഘുലേഖയിലൂടെ ഇംഗ്ലണ്ടിൽ നിന്ന് വേർപിരിയുകയാണ് അമേരിക്കക്കാരെ സംബന്ധിച്ച് വിവേകപൂർവമായ പ്രവൃത്തിയെന്ന് പ്രഖ്യാപിച്ചു.




..................................................................................................................



ബെഞ്ചമിൻ ഫ്രാങ്ക്ളിൻ


തോമസ് ജഫേഴ്സൺ

..................................................................................................................


ജോൺ ലോക്ക്

..................................................................................................................




..................................................................................................................




..................................................................................................................

**പ്രവർത്തനം - 4**


പിൽക്കാല ലോകചരിത്രത്തെ സ്വാധീനിച്ച പ്രധാന വിപ്ലവങ്ങളാണ് അമേരിക്കൻ സ്വാതന്ത്ര്യ സമരവും ഫ്രഞ്ച് വിപ്ലവവും. ഇവയുടെ സ്വാധീനം പട്ടികപ്പെടുത്തുക.

| അമേരിക്കൻ സ്വാതന്ത്ര്യസമരം | ഫ്രഞ്ച്‌വിപ്ലവം |
|---|---|
| 1. പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി. | 1. മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു. |
| 2. .............................................................................. | 2. .............................................................................. |
| 3. .............................................................................. | 3. .............................................................................. |
| 4. .............................................................................. | 4. .............................................................................. |
| | 5. .............................................................................. |
| | 6. യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി. |
| | 7. .............................................................................. |

**പ്രവർത്തനം - 5**

**ഫ്രഞ്ച് സമൂഹം**

മൂന്ന് എസ്റ്റേറ്റുകളിലായി വിഭജിക്കപ്പെട്ടിരുന്ന ഫ്രഞ്ച് സമൂഹത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കൂട്ടിച്ചേർക്കുക.




ഒന്നാമത്തെ എസ്റ്റേറ്റ്:

* ........................................................
* ........................................................
* കർഷകരിൽനിന്നും 'തിഥെ' എന്ന പേരിലുള്ള നികുതി പിരിച്ചു
* ........................................................

രണ്ടാമത്തെ എസ്റ്റേറ്റ്:

* ........................................................
* കർഷകരിൽനിന്നും പലതരം നികുതികൾ പിരിച്ചു
* ........................................................

* ........................................................
* ........................................................
* ........................................................

മൂന്നാമത്തെ എസ്റ്റേറ്റ്:

* ..............................................
* ..............................................
* ..............................................
* ..............................................

**പ്രവർത്തനം – 6**

ഫ്രഞ്ച്‌വിപ്ലവം മുന്നോട്ടുവെച്ച ചില ആശയങ്ങളും ലക്ഷ്യങ്ങളുമായിരുന്നു നെപ്പോളിയന്റെ പരിഷ്ക്കാരങ്ങൾക്ക് പ്രചോദനമായത്. നെപ്പോളിയന്റെ പരിഷ്കാരങ്ങളുടെ ഫ്ളോചാർട്ട് പൂർത്തിയാക്കുക.

**നെപ്പോളിയന്റെ പരിഷ്ക്കാരങ്ങൾ**

- ..............................................
- ..............................................
- ..............................................
- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി
- ..............................................
- ..............................................


**പ്രവർത്തനം – 7**

ഫ്രഞ്ച് വിപ്ലവത്തിന് പ്രചോദനമായ ചിന്തകരും ആശയങ്ങളുമാണ് ചുവടെ നൽകിയിട്ടുള്ളത്. ഇവരുമായി ബന്ധപ്പെട്ട മറ്റ് ആശയങ്ങൾ കോളത്തിൽ നിന്ന് എടുത്തെഴുതുക.

- സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.
- യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം, എന്നിവ പ്രോത്സാഹിപ്പിച്ചു.
- ജനാധിപത്യത്തേയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.


വോൾട്ടയർ

- ♦ ..........................................................................
- ♦ പുരോഹിതൻമാരുടെ ചൂഷണത്തെ പരിഹസിച്ചു.


റൂസ്സോ


- ♦ ..........................................................................
- ♦ ജനങ്ങളാണ് പരമാധികാരിയെന്ന് പ്രഖ്യാപിച്ചു.


മൊണ്ടസ്ക്യൂ

- ♦ ..........................................................................
- ♦ ഗവൺമെന്റിനെ നിയമനിർമാണം, കാര്യനിർവഹണം, നീതിന്യായം, എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

**പ്രവർത്തനം – 8**

കോളനിഭരണം ലാറ്റിനമേരിക്കൻ ജനജീവിതത്തെ എങ്ങനെയെല്ലാമാണ് ബാധിച്ചതെന്ന് കാണിക്കുന്ന ആശയവൃക്ഷം പൂർത്തിയാക്കുക.




**പ്രവർത്തനം – 9**

വിദേശാധിപത്യത്തിനും രാജവാഴ്ചക്കും എതിരായ വിപ്ലവങ്ങൾക്ക് ഇരുപതാം നൂറ്റാണ്ടിൽ ചൈന സാക്ഷ്യം വഹിച്ചു. ചൈനീസ് വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങൾ കണ്ടെത്തി പടവുകളിൽ രേഖപ്പെടുത്തുക.

- ഡോ സൻയാത്സെന്നിന്റെ നേതൃത്വത്തിൽ വിപ്ലവം.
- മഞ്ചു രാജവാഴ്ച അവസാനിച്ചു.
- ദക്ഷിണ ചൈനയിൽ റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു.

- മാവോ സെ തുംഗ്
- 1934 ൽ ലോങ് മാർച്ചിൽ ഭൂമി പിടിച്ചെടുത്ത് കർഷകർക്കു നൽകി
- ചുവപ്പുസേന കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി.





1949 ൽ ജനകീയ ചൈന റിപ്പബ്ലിക്കായി

ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി

കുമിന്താങ് പാർട്ടി

1900 ലെ ബോക്സർ കലാപം

**പ്രവർത്തനം – 10**

അമേരിക്ക, യൂറോപ്പ്, ഏഷ്യ എന്നിവിടങ്ങളിൽ നടന്ന വിപ്ലവങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. അനുയോജ്യമായവ തിരഞ്ഞെടുത്ത് ആശയസഞ്ചികളിൽ നിറക്കുക.




| അമേരിക്കൻ സ്വാതന്ത്ര്യസമരം | ഫ്രഞ്ച്‌വിപ്ലവം | ലാറ്റിനമേരിക്കൻ വിപ്ലവം | റഷ്യൻ വിപ്ലവം | ചൈനീസ് വിപ്ലവം |
|---|---|---|---|---|

- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം
- സൻയാത് സെൻ
- മാക്സിം ഗോർക്കി
- ലൂയി – XVI
- തോമസ് ജെഫേഴ്സൺ
- ലോങ് മാർച്ച്
- ടെന്നീസ് കോർട്ട് പ്രതിജ്ഞ
- പ്രാതിനിധ്യമില്ലാതെ നികുതിയില്ല
- വാട്ടർലൂ
- ജോർജ് വാഷിങ്ടൺ
- പാബ്ലോ നെരൂദ
- ദ്യൂമ
- മാവോ സെ തുംഗ്
- കാൾ മാർക്സ്
- ഫ്രാൻസിസ്കോ മിരാഡാ
- ജോസേഡി സാൻ മാർട്ടിൻ
- സ്വാതന്ത്ര്യപ്രഖ്യാപനം
- സോവിയറ്റ് റിപ്പബ്ലിക്
- ചുവപ്പുസേന
- സൈമൺ ബോളിവർ

**പ്രവർത്തനം 11**

റഷ്യൻ സമൂഹത്തിൽ നിലനിന്നിരുന്ന ചില പ്രത്യേക സാഹചര്യങ്ങളാണ് റഷ്യൻ വിപ്ലവത്തിലേക്ക് നയിച്ചത്. വിപ്ലവത്തിലേക്ക് നയിച്ച കാരണങ്ങൾ പദസൂര്യനിൽ പൂർത്തിയാക്കുക.




**പ്രവർത്തനം 12**

റഷ്യൻ വിപ്ലവവുമായി ബന്ധപ്പെട്ട് **എ** കോളത്തിൽ കൊടുത്തിരിക്കുന്നവയ്ക്ക് അനുയോജ്യമായ ജോഡികൾ **ബി** കോളത്തിൽ നിന്ന് കണ്ടെത്തുക.

| എ | ബി |
|---|---|
| രക്തരൂഷിതമായ ഞായറാഴ്ച | ബോൾഷെവിക്കുകൾ - വ്ളാഡിമർ ലെനിൻ |
| ഫെബ്രുവരിവിപ്ലവം | തൊഴിലാളി സംഘങ്ങൾ - സമരം നടത്തൽ |
| ഒക്ടോബർ വിപ്ലവം | 1917 മാർച്ച് 8 - ഭക്ഷ്യദൗർലഭ്യം |
| താൽക്കാലിക ഗവൺമെന്റ് | മെൻഷെവിക്കുകൾ - അലക്സാണ്ടർ കെരൻസ്കി |
| സോവിയറ്റ് | 1905 ജനുവരി 9 - പെട്രോഗ്രാഡ് |

**പ്രവർത്തനം 13**

റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ എഴുതി ആശയ ഫലകം പൂർത്തിയാക്കുക.

- റഷ്യ ഒന്നാം ലോകയുദ്ധത്തിൽ നിന്ന് പിൻമാറി
- 
- കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി
- 
- 
- 
- 
- 

**റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ**

**പ്രവർത്തനം 14**

താഴെ നൽകിയിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരങ്ങളെഴുതുക.

1914 ൽ ഒന്നാം ലോകയുദ്ധം ആരംഭിച്ചതോടെ ദ്യൂമയുടെ എതിർപ്പിനെ അവഗണിച്ച് സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ യുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു. അനേകം റഷ്യൻ സൈനികർ ഇതിൽ കൊല്ലപ്പെട്ടു. 1917 ആയപ്പോഴേക്കും ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായി. മാർച്ച് 8 ന് ആയിരക്കണക്കിന് സ്ത്രീകൾ റൊട്ടിക്കുവേണ്ടി തെരുവീഥികളിൽ പ്രകടനം നടത്തി. പെട്രോഗ്രാഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രതിഷേധപ്രകടനം നടത്തി. സൈനികർ ആദ്യം ഈ പ്രകടനങ്ങളെ നേരിട്ടെങ്കിലും പിന്നീട വരും തൊഴിലാളികളോടൊപ്പം ചേർന്നു. ഒന്നാം ലോകയുദ്ധത്തിൽ തങ്ങൾ അനുഭവിച്ച ദുരിതങ്ങളാണ് സൈനികരെ പ്രധാനമായും ഇതിന് പ്രേരിപ്പിച്ചത്. പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു. തുടർന്ന് നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിയുകയും റഷ്യയിൽ മെൻഷെവിക് നേതാവായ അലക്സാണ്ടർ കെരൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വരുകയും ചെയ്തു. ഇത് ഫെബ്രുവരിവിപ്ലവം എന്നറിയപ്പെടുന്നു (റഷ്യൻ കലണ്ടർ അന്താരാഷ്ട്ര കലണ്ടറിനേക്കാൾ പിറകിലായതിനാലാണ് മാർച്ചിൽ നടന്ന വിപ്ലവം ഫെബ്രുവരിവിപ്ലവം എന്നറിയപ്പെടുന്നത്).

(എ) ഫെബ്രുവരിവിപ്ലവത്തെക്കുറിച്ച് വിവരിക്കുക

(ബി) ഫെബ്രുവരിവിപ്ലവകാലത്തെ സർ ചക്രവർത്തിയുടെ പേര് എഴുതുക.

(സി) മാർച്ച് മാസത്തിൽ നടന്ന വിപ്ലവം ഫെബ്രുവരിവിപ്ലവം എന്ന് അറിയപ്പെടാനുള്ള കാരണമെഴുതുക.

**പ്രവർത്തനം 15**

ഒക്ടോബർ വിപ്ലവത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

(സൂചന: ലെനിൻ - സോവിയറ്റുകൾ - ബോൾഷെവിക്കുകൾ - കെരൻസ്കി- സായുധ വിപ്ലവം - ഒക്ടോബർ വിപ്ലവം.)

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. മെർക്കന്റലിസ്റ്റ് നിയമങ്ങൾ അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് കാരണമായതെങ്ങനെ ?
2. അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിലേക്ക് നയിച്ച സംഭവങ്ങൾ വിശദീകരിക്കുക.
3. അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽക്കാലലോകചരിത്രത്തെ സ്വാധീനിച്ചതെങ്ങിനെ?
4. ഫ്രഞ്ച്വിപ്ലവത്തിന്റെ സ്വാധീനം വിശദീകരിക്കുക.
5. ഫ്രഞ്ച്സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹിക അസമത്വം ഫ്രഞ്ച് വിപ്ലവത്തിന് കാരണമായി, സമർത്ഥിക്കുക.
6. ഫ്രഞ്ച്വിപ്ലവം നെപ്പോളിയന്റെ പരിഷ്ക്കാരങ്ങളെ സ്വാധീനിച്ചതെങ്ങനെയെന്ന് വിലയിരുത്തുക.
7. യൂറോപ്യൻ കോളനിഭരണം ലാറ്റിനമേരിക്കൻ ജനജീവിതത്തെ ബാധിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക.
8. ചൈനീസ് വിപ്ലവത്തെക്കുറിച്ച് വിവരിക്കുക
9. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിലും ഫ്രഞ്ച്വിപ്ലവത്തിലും മുഴങ്ങിക്കേട്ട പ്രധാന മുദ്രാവാക്യങ്ങൾ കണ്ടെത്തിയെഴുതുക
10. റഷ്യൻ നിയമനിർമാണ സഭയുടെ പേരെഴുതുക.
11. ലോങ് മാർച്ചിന് നേതൃത്വം നൽകിയതാര്?
12. ലാറ്റിനമേരിക്കൻരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നേതൃത്വം നൽകിയതാരെല്ലാം?
13. 'സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലകളിലാണ്' എന്ന് പ്രസ്താവിച്ച ഫ്രഞ്ച് തത്വചിന്തകൻ ആരാണ്?
14. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ വിശകലനം ചെയ്യുക.
15. ഫെബ്രുവരി വിപ്ലവത്തെക്കുറിച്ച് വിവരിക്കുക.
16. ഫെബ്രുവരി വിപ്ലവകാലത്തെ സർ ചക്രവർത്തിയുടെ പേര് എഴുതുക.
17. മാർച്ച് മാസത്തിൽ നടന്ന വിപ്ലവം ഫെബ്രുവരി വിപ്ലവം എന്നറിയപ്പെടാനുള്ള കാരണം എഴുതുക.
18. ഒക്ടോബർ വിപ്ലവത്തിന് നേതൃത്വം നൽകിയതാര്?
19. റഷ്യയിൽ ഒരു തൊഴിലാളിവർഗഭരണകൂടം സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയ പാർട്ടി ഏത്?
20 ഒക്ടോബർ വിപ്ലവത്തെക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം - 3**

**ഉത്തരസൂചിക**

**പ്രവർത്തനം -1**

1. കോളനിയിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ മാത്രമായിരിക്കണം.

2. കോളനിയിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.

3. കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം.

4. കോളനികളിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം.

5. കോളനികളിൽ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര, പരുത്തി, കമ്പിളി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേയ്ക്ക് മാത്രമേ കയറ്റി അയക്കാവൂ.


**പ്രവർത്തനം - 2**

1. പ്രാതിനിധ്യമില്ലാതെ നികുതി ചുമത്തരുത്.

2. ജോർജ് വാഷിംങ്ടണിനെ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു.


3. സ്വാതന്ത്ര്യപ്രഖ്യാപനം.

4. പതിമൂന്ന് കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.





അമേരിക്കൻ ഭരണഘടന തയാറാക്കി


ബെഞ്ചമിൻ ഫ്രാങ്ക്ളിൻ


തോമസ് ജഫേഴ്സൺ

സ്വാതന്ത്ര്യപ്രഖ്യാപനം തയാറാക്കി.


ജോൺ ലോക്ക്

മനുഷ്യന് ചില മൗലീകാവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.




'കോമൺസെൻസ്' എന്ന ലഘുലേഖയിലൂടെ ഇംഗ്ലണ്ടിൽ നിന്ന് വേർപിരിയുകയാണ് അമേരിക്കക്കാരെ സംബന്ധിച്ച് വിവേകപൂർവമായ പ്രവൃത്തിയെന്ന് പ്രഖ്യാപിച്ചു.




പ്രാതിനിധ്യമില്ലാതെ നികുതിയില്ല

**പ്രവർത്തനം - 4**

**അമേരിക്കൻ സ്വാതന്ത്ര്യസമരം**

- പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.
- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ട് വെച്ചു.
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി.
- ഫെഡറൽ സംവിധാനം എന്ന ആശയം ലോകത്തിനു നൽകി.

**ഫ്രഞ്ച്വിപ്ലവം**

- പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു.
- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, എന്നീ ആശയങ്ങളുടെ പ്രചാരണം.
- മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു.
- ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി.
- ജനകീയപരമാധികാരം എന്ന ആശയം മനുഷ്യരാശിക്ക് നൽകി.
- രാജ്യമെന്നാൽ പ്രദേശമല്ല, രാജ്യത്തെ ജനങ്ങളാണെന്ന് പ്രഖ്യാപിച്ചു.

- യൂറോപ്പിൽ നിലനിന്ന സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണി ഉയർത്തി.
- യൂറോപ്പിൽ ഫ്യൂഡൽവ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി.

**പ്രവർത്തനം - 5**

**ഒന്നാം എസ്റ്റേറ്റ് - പുരോഹിതൻമാർ**

- ധാരാളം ഭൂപ്രദേശം കൈവശം വെച്ചു.
- എല്ലാത്തരം നികുതികളിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു.
- ഭരണത്തിലെയും സൈന്യത്തിലെയും ഉയർന്ന പദവികൾ നിയന്ത്രിച്ചു.

**രണ്ടാം എസ്റ്റേറ്റ് - പ്രഭുക്കൻമാർ**

- സൈനികസേവനം നടത്തി.
- വേതനം നൽകാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു.
- നികുതികളിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.
- ആഡംബരജീവിതം നയിച്ചു.
- വിശാലമായ ഭൂപ്രദേശം കൈവശം വെച്ചു.

**മൂന്നാമത്തെ എസ്റ്റേറ്റ് - കച്ചവടക്കാർ, എഴുത്തുകാർ, അഭിഭാഷകർ, ഉദ്യോഗസ്ഥർ, അധ്യാപകർ, ബാങ്കർമാർ എന്നിവരുടെ മധ്യവർഗം, കർഷകർ, കൈതൊഴിലുകാർ.**

- ഭരണത്തിൽ ഒരവകാശവുമില്ല.
- തൈലേ എന്ന പേരിലുള്ള ഭൂനികുതി സർക്കാരിന് നൽകണം.
- പ്രഭുക്കൻമാർക്കും പുരോഹിതൻമാർക്കും നികുതി നൽകണം.
- താഴ്ന്ന സാമൂഹികപദവി

**പ്രവർത്തനം - 6**

- പുരോഹിതൻമാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.
- പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് രൂപീകരിച്ചു.
- ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.
- ഗതാഗതപുരോഗതിക്കായി റോഡുകൾ നിർമ്മിച്ചു.
- നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് പുതിയ നിയമസംഹിതയുണ്ടാക്കി.

**പ്രവർത്തനം - 7**

- വോൾട്ടയർ - പുരോഹിതൻമാരുടെ ചൂഷണത്തെ പരിഹസിച്ചു.
  യുക്തിചിന്ത, സമത്വം, മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.
- റൂസ്സോ - സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.
- മൊണ്ടസ്ക്യൂ - ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.
  ഗവൺമെന്റിനെ നിയമനിർമ്മാണം, കാര്യനിർവഹണം, നീതിന്യായം എന്നീ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

**പ്രവർത്തനം - 8**

1. സ്പെയിൻകാരും, പോർച്ചുഗീസുകാരും തങ്ങളുടെ ഭാഷയും, മതവും ആചാരവും പ്രചരിപ്പിച്ചു.
2. സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും നിർമ്മിച്ചു.
3. വിദ്യാലയങ്ങൾ സ്ഥാപിച്ചു.
4. സ്പാനിഷ് കൃഷിരീതികളും കാർഷികവിളകളും നടപ്പിലാക്കി.
5. യൂറോപ്യരിൽ നിന്ന് പുതിയ രോഗങ്ങൾ ലാറ്റിനമേരിക്കൻ ജനതയിലേക്കു പകർന്നു.
6. എല്ലാ രംഗങ്ങളിലും വംശീയവിവേചനം പുലർത്തി.
7. ജനതയുടെ സമ്പത്തും വിഭവങ്ങളും കൊള്ളയടിച്ചു.
8. കോളനിക്കാരെ അടിമകളെപ്പോലെ പണിയെടുപ്പിച്ചു.

**പ്രവർത്തനം - 9**

- 1900 ലെ ബോക്സർ കാലാപം
- കുമിന്താങ് പാർട്ടി
- ഡോ.സൻയാത് സെന്നിന്റെ നേതൃത്വത്തിൽ വിപ്ലവം.
- മഞ്ചു രാജവാഴ്ച അവസാനിച്ചു.
- ദക്ഷിണ ചൈനയിൽ റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു.
- ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി
- മാവോ സെ തുംഗ്
- 1934 ൽ ലോങ് മാർച്ചിൽ ഭൂമി പിടിച്ചെടുത്ത് കർഷകർക്കു നൽകി.
- ചുവപ്പുസേന കുമിന്താങ് ഭരണകേന്ദ്രം പിടിച്ചു.
- 1949 ൽ ജനകീയ ചൈന റിപ്പബ്ലിക്കായി.

**പ്രവർത്തനം - 10**

**അമേരിക്കൻ സ്വാതന്ത്ര്യസമരം.** - പ്രാതിനിധ്യമില്ലാതെ നികുതിയില്ല
ജോർജ് വാഷിങ്ടൺ
സ്വാതന്ത്ര്യപ്രഖ്യാപനം
തോമസ് ജെഫേഴ്സൺ

**ഫ്രഞ്ച് വിപ്ലവം** - ലൂയി XVI-ാമൻ
ടെന്നിസ് കോർട്ട് പ്രതിജ്ഞ
സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം
വാട്ടർലൂ

**ലാറ്റിനമേരിക്കൻ വിപ്ലവം** - പാബ്ലോ നെരൂദ
ജോസേഡി സാൻ മാർട്ടിൻ
ഫ്രാൻസിസ്കോ മിരാഡാ
സൈമൺ ബോളിവർ

**റഷ്യൻ വിപ്ലവം.** - മാക്സിം ഗോർക്കി.
കാൾ മാർക്സ്
സോവിയറ്റ് റിപ്പബ്ലിക്ക്

**ചൈനീസ് വിപ്ലവം** - സൻയാത് സെൻ
ലോങ് മാർച്ച്
മാവോ സെ തുംഗ്
ചുവപ്പുസേന

**പ്രവർത്തനം - 11**

A. കാർഷികമേഖലയിലെ ഉത്പാദനക്കുറവ്- കർഷകരുടെ വരുമാനത്തെ ബാധിച്ചത്.

B. ചിന്തകൻമാരുടെയും എഴുത്തുകാരുടെയും സ്വാധീനം.

C. വ്യാവസായികോത്പാദനക്കുറവ്

D. കർഷകരുടെയും ഫാക്ടറി തൊഴിലാളികളുടെയും ദുരിതജീവിതം.

**പ്രവർത്തനം - 12**

| എ | ബി |
|---|---|
| രക്തരൂഷിതമായ ഞായറാഴ്ച | 1905 ജനുവരി 9 - പെട്രോഗ്രാഡ് |
| ഫെബ്രുവരി വിപ്ലവം | 1917 മാർച്ച് 8 - ഭക്ഷ്യദൗർലഭ്യം |
| ഒക്ടോബർ വിപ്ലവം | ബോൾഷെവിക്കുകൾ -വ്ളാഡിമർ ലെനിൻ |
| താൽക്കാലിക ഗവൺമെന്റ് | മെൻഷെവിക്കുകൾ - അലക്സാണ്ടർ കെരൻസ്കി |
| സോവിയറ്റ് | തൊഴിലാളി സംഘങ്ങൾ - സമരംനടത്തൽ |

**പ്രവർത്തനം - 13**

- ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു
- പൊതു ഉടമസ്ഥതക്ക് പ്രാധാന്യം കൊടുത്തു.
- സാമ്പത്തികശാസ്ത്ര - സാങ്കേതികരംഗങ്ങളിൽ പുരോഗതി കൈവരിച്ചു.
- 1924 ൽ പുതിയ ഭരണഘടന നിലവിൽ വന്നു.
- സോവിയറ്റ് യൂണിയൻ രൂപീകരിക്കപ്പെട്ടു.
- ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി.

**പ്രവർത്തനം - 14**

എ) 1917 മാർച്ച് 8 ന് ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായപ്പോൾ സ്ത്രീകൾ റൊട്ടിക്കുവേണ്ടി പ്രകടനം നടത്തി.

- ആദ്യം എതിർത്തെങ്കിലും പിന്നീട് സൈനികരും അവരോടൊപ്പം ചേർന്നു.
- പെട്രോഗ്രാഡ് തൊഴിലാളികൾ പിടിച്ചെടുത്തു.
- സർ ചക്രവർത്തി സ്ഥാനമൊഴിയുകയും മെൻഷെവിക്ക് നേതാവായ അലക്സാണ്ടർ കെരൻസ്കിയുടെ നേതൃത്വത്തിൽ താൽക്കാലിക ഗവൺമെന്റ് നിലവിൽ വന്നു. ഇതാണ് ഫെബ്രുവരി വിപ്ലവം.

ബി) നിക്കോളാസ് രണ്ടാമൻ

സി) റഷ്യൻ കലണ്ടർ അന്താരാഷ്ട്ര കലണ്ടറിനേക്കാൾ പിറകിലായതിനാലാണ് മാർച്ചിൽ നടന്ന വിപ്ലവം ഫെബ്രുവരിവിപ്ലവം എന്നറിയപ്പെടുന്നത്.

**പ്രവർത്തനം - 15**

- റഷ്യയിലെ താൽക്കാലിക ഗവൺമെന്റിനെ ലെനിൻ ശക്തിയായി എതിർത്തു.
- വിപ്ലവം അതിന്റെ ലക്ഷ്യം നേടണമെങ്കിൽ അധികാരം സോവിയറ്റുകൾക്ക് കൈമാറണമെന്ന് ലെനിൻ ആവശ്യപ്പെട്ടു.
- ബോൾഷെവിക്കുകളും സോവിയറ്റുകളും ലെനിന്റെ നിലപാടിനെ പിന്തുണച്ചു.
- 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താത്ക്കാലിക ഗവൺമെന്റിനെതിരായി സായുധകലാപമാരംഭിച്ചു.
- കെരൻസ്കി രാജ്യം വിട്ടു പോവുകയും റഷ്യ ബോൾഷെവിക്കുകളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു.
- ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവം ഒക്ടോബർ വിപ്ലവം എന്നറിയപ്പെടുന്നു.

# അധ്യായം - 2
# ലോകം ഇരുപതാം നൂറ്റാണ്ടിൽ

ലോകത്തെ മാറ്റിമറിച്ച നിരവധി സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലഘട്ടമാണ് 20-ാം നൂറ്റാണ്ട്. സാമ്രാജ്യത്വത്തിന്റെ വളർച്ച, ലോകയുദ്ധങ്ങൾ, ഫാഷിസം, നാസിസം, യു.എൻ.ഒ യുടെ രൂപീകരണം, ശീതസമരം, ചേരിചേരായ്മ, നവസാമ്രാജ്യത്വം തുടങ്ങിയവ എടുത്തുപറയേണ്ടവയാണ്. ഇവയുടെ വിശദാംശങ്ങൾ നമുക്ക് അടുത്തറിയാം....

**പ്രധാന ആശയങ്ങൾ**

- സാമ്രാജ്യത്വം - കോളനികൾ
- ഒന്നാം ലോകയുദ്ധം - കാരണങ്ങൾ, ഫലങ്ങൾ
- സമാധാന ഉടമ്പടി - വേഴ്സായ് സന്ധി
- ലോകസാമ്പത്തിക മാന്ദ്യം
- ഫാഷിസം - സവിശേഷതകൾ
- ഹിറ്റ്ലറും നാസിസവും
- രണ്ടാം ലോകയുദ്ധം - ഫലങ്ങൾ
- യു.എൻ.ഒ. ലക്ഷ്യങ്ങൾ
- ചേരിചേരാ പ്രസ്ഥാനം
- സോവിയറ്റ് യൂണിയന്റെ പതനം
- നവസാമ്രാജ്യത്വം - ആശയങ്ങൾ

**പ്രവർത്തനം - 1**

കോളങ്ങൾ നിറയ്ക്കൂ....

സാമ്രാജ്യത്വം കോളനികളെ ബാധിച്ചതെങ്ങനെയെല്ലാം?

കോളനികളുടെ പരമ്പരാഗത സമ്പദ്വ്യവസ്ഥ തകർന്നു.

(1)..................................

(2)..................................


(3)..................................


(4)..................................

(5)..................................

**പ്രവർത്തനം - 2**

ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ കണ്ടെത്തി അനുയോജ്യമായ നൂലിൽ കെട്ടുക.



**പ്രവർത്തനം - 3**

വേഴ്സായ് സന്ധിയിലെ വ്യവസ്ഥകൾ കണ്ടെത്തി ടിക് (√) ചെയ്യുക

- UNO രൂപീകരിക്കുക ☐
- ജർമനി നഷ്ടപരിഹാരം നൽകുക ☐
- മുസോളിനിക്ക് അധികാരം നൽകുക ☐
- ജർമനിയെ നിരായുധീകരിച്ചു. ☐
- സ്ലാവ് വംശജരെ ഏകീകരിക്കുക ☐
- യുദ്ധകുറ്റം ജർമനിയിൽ ചുമത്തി ☐
- പ്രതികാര പ്രസ്ഥാനം ആരംഭിക്കുക ☐
- ജർമനിയുടെ കോളനികളെ സഖ്യകക്ഷികൾ വീതിച്ചെടുത്തു ☐
- ജർമനിയുടെ ഖനികൾ വിജയികൾ സ്വന്തമാക്കി ☐

**വേഴ്സായ് സന്ധിയിലെ വ്യവസ്ഥകൾ**

**പ്രവർത്തനം - 4**


1929 ലെ ലോകസാമ്പത്തികമാന്ദ്യത്തിന്റെ ഫലങ്ങൾ എഴുതി ഡയഗ്രം പൂർത്തിയാക്കുക.




- യുദ്ധം പാപ്പരാക്കിയ ജനങ്ങൾക്ക് സധനങ്ങൾ വാങ്ങാൻ കഴിവില്ലാതെയായി.
- ............
- ............
- ............
- ............
- ഉല്പ്പന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറികളിൽ കെട്ടിക്കിടന്നു.

**പ്രവർത്തനം - 5**

ഫാഷിസത്തിന്റെ സവിശേഷതകൾ എഴുതി ഇതളുകൾ നിറയ്ക്കുക.




**പ്രവർത്തനം - 6**



ചുവടെ നൽകിയിരിക്കുന്നവയിൽ നിന്ന് അനുയോജ്യമായവ തെരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| ♦ ഫാഷിസം | ♦ തവിട്ടുകുപ്പായക്കാർ |
| ♦ ഇറ്റലി | ♦ റോമാസാമ്രാജ്യത്തിന്റെ പുന:സ്ഥാപനം |
| ♦ ജർമ്മനി | ♦ ഗസ്റ്റപ്പോ |
| ♦ നാസിസം | ♦ കരിങ്കുപ്പായക്കാർ |

| ഹിറ്റ്ലർ | മുസോളിനി |
|---|---|
| ♦ | ♦ |
| ♦ | ♦ |
| ♦ | ♦ |
| ♦ | ♦ |

**പ്രവർത്തനം – 7**

ചേരിചേരാപ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കളുടെ ചിത്രവും അവരുടെ രാജ്യങ്ങളും താഴെ തന്നിരിക്കുന്നു. ചിത്രം നിരീക്ഷിച്ച് അവരുടെ പേര് രേഖപ്പെടുത്തുക.







| | | | | |
|---|---|---|---|---|
| **പേര്** | (1) ...................... | (2) ...................... | (3) ...................... | (4) ...................... |
| **രാജ്യം** | ഇന്ത്യ | ഈജിപ്ത് | യൂഗോസ്ലാവിയ | ഇന്തോനേഷ്യ |

**പ്രവർത്തനം – 8**

സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കിടയാക്കിയ കാരണങ്ങൾ രേഖപ്പെടുത്തി ഫലകം പൂർത്തിയാക്കുക.




**പ്രവർത്തനം – 9**

സൂചനയനുസരിച്ച് നവസാമ്രാജ്യത്വ ആശയങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുക.

**നവസാമ്രാജ്യത്വ ആശയങ്ങൾ**

സൂചന :- ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം

| | | |
|---|---|---|
| A | ഇറക്കുമതി നിയമങ്ങളും നികുതികളും ഉദാരമാക്കി | (എ)................................................ |
| B | വിഭവങ്ങൾ, സേവനങ്ങൾ എന്നിവയുടെ കൈമാറ്റം, ആഗോള സാമ്പത്തികക്രമം എന്നിവ നടപ്പാക്കി | (ബി)................................................ |
| C | പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിച്ചു. | (സി)................................................ |


**പ്രവർത്തനം – 10**

രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ കോളത്തിൽ പട്ടികപ്പെടുത്തുക.

| രണ്ടാം ലോകയുദ്ധം – ഫലങ്ങൾ |
|---|
| ♦ ദശലക്ഷക്കണക്കിന് പേർ കൊല്ലപ്പെട്ടു. |
| ♦ |
| ♦ |
| ♦ |
| ♦ |
| ♦ |

**പ്രവർത്തനം – 11**

ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ – പദസൂര്യൻ തയ്യാറാക്കുക.



## വിലയിരുത്തൽ ചോദ്യങ്ങൾ

1. സാമ്രാജ്യത്വം കോളനികളെ ബാധിച്ചതെങ്ങനെയെല്ലാമെന്ന് വിശദമാക്കുക.
2. ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ വിവരിക്കുക.
3. വേഴ്സായ്സന്ധിയിലെ വ്യവസ്ഥകൾ എന്തെല്ലാം?
4. 1929 ലെ ലോകസാമ്പത്തികമാന്ദ്യത്തിന്റെ ഫലങ്ങൾ എന്തെല്ലാം?
5. ഫാഷിസത്തിന്റെ സവിശേഷതകൾ വിവരിക്കുക.
6. ഹിറ്റ്ലർ രൂപീകരിച്ച സൈന്യം ഏത്?
7. ചേരിചേരാപ്രസ്ഥാനത്തിന്റെ നേതാക്കളും രാജ്യങ്ങളും പട്ടികപ്പെടുത്തുക.
8. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കിടയാക്കിയ കാരണങ്ങൾ വിശദമാക്കുക.
9. നവസാമ്രാജ്യത്വ ആശയങ്ങൾ എന്തെല്ലാം? വിവരിക്കുക.
10. രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ വിവരിക്കുക.
11. ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ ഏവ?

## ഉത്തര സൂചിക

**പ്രവർത്തനം - 1**

(1) ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.
(2) ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകൾ കൃഷിചെയ്യാൻ നിർബന്ധിതരായി.
(3) ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു.
(4) പ്രകൃതിവിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു.
(5) തദ്ദേശീയമായ കല, സാഹിത്യം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം എന്നിവ തകർക്കപ്പെട്ടു.

**പ്രവർത്തനം - 2**

(1)ജർമനി, ഇറ്റലി - തീവ്രദേശീയത
(2)ത്രികക്ഷിസഖ്യം, ത്രികക്ഷി സൗഹാർദം - സൈനികസഖ്യങ്ങൾ.
(3)ബാൾക്കൻ രാഷ്ട്രങ്ങൾ തമ്മിൽ - ബാൾക്കൻ പ്രതിസന്ധി
(4)ജർമനിയും ഫ്രാൻസും തമ്മിൽ - മൊറോക്കൻ പ്രതിസന്ധി
(5)സെർബിയൻ യുവാവ് ഗാവ്‌ലൊ പ്രിൻസപ്പ് - ആസ്ട്രിയൻ രാജകുമാരന്റെ വധം

**പ്രവർത്തനം - 3**

(1) ജർമനി നഷ്ടപരിഹാരം നൽകുക.
(2) ജർമനിയെ നിരായുധീകരിച്ചു.
(3) യുദ്ധകുറ്റം ജർമനിയുടെ മേൽ ചുമത്തി.
(4) ജർമനിയുടെ കോളനികൾ സഖ്യകക്ഷികൾ വീതിച്ചെടുത്തു.
(5) ജർമനിയുടെ ഖനികൾ വിജയികൾ സ്വന്തമാക്കി.

**പ്രവർത്തനം - 4**

(1) ബാങ്കുകൾ തകർന്നു.
(2) തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി.
(3) പണപെരുപ്പം വർദ്ധിച്ചു.
(4) അമേരിക്കയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ചവരുത്തി.

**പ്രവർത്തനം - 5**

(1) ജനാധിപത്യത്തോടുള്ള വിരോധം.
(2) സോഷ്യലിസത്തോടുള്ള എതിർപ്പ്
(3)രാഷ്ട്രത്തെ മഹത്ത്വവൽക്കരിക്കൽ
(4)യുദ്ധത്തെ പ്രകീർത്തിക്കൽ.
(5)രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ.
(6)വംശമഹിമ ഉയർത്തിപ്പിടിക്കൽ

**പ്രവർത്തനം - 6**

| ഹിറ്റ്ലർ | മുസോളിനി |
|---|---|
| ♦ ജർമനി<br>♦ നാസിസം<br>♦ ഗസ്റ്റപ്പോ<br>♦ തവിട്ടുകുപ്പായക്കാർ | ♦ ഇറ്റലി<br>♦ ഫാഷിസം<br>♦ കരിങ്കുപ്പായക്കാർ<br>♦ റോമാസാമ്രാജ്യത്തിന്റെ പുനഃസ്ഥാപനം |

**പ്രവർത്തനം - 7**

(1) ജവഹർലാൽ നെഹ്റു
(2) ഗമാൽ അബ്ദുൽ നാസർ
(3) മാർഷൽ ടിറ്റോ
(4) അഹമ്മദ് സുക്കാർണോ

**പ്രവർത്തനം - 8**

(1)സാമ്പത്തികരംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുണ്ടായ പരാജയം.
(2)ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും.
(3)മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ.

**പ്രവർത്തനം - 9**

(എ) ഉദാരവൽക്കരണം.
(ബി) ആഗോളവൽക്കരണം.
(സി) സ്വകാര്യവൽക്കരണം

**പ്രവർത്തനം - 10**

- യൂറോപ്യൻ രാജ്യങ്ങളുടെ ലോകമേധാവിത്വം തകർന്നു.
- യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പദ് വ്യവസ്ഥ താറുമാറായി.
- ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായിമാറി.
- ലോകസമാധാനം സംരക്ഷിക്കുന്നതിനായി ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചു.

**പ്രവർത്തനം - 11**

(എ) അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക
(ബി) ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

## അധ്യായം - 3
## പൊതുഭരണം

പൊതുഭരണ സംവിധാനത്തിലൂടെയാണ് ഓരോ രാജ്യത്തും നിയമങ്ങളും വികസനപദ്ധതികളും, നയപരിപാടികളും നടപ്പാക്കുന്നത്. ഇതിനായി ധാരാളം ഗവൺമെന്റ് സ്ഥാപനങ്ങൾ രൂപീകരിക്കുകയും ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും ചെയ്തിരിക്കുന്നു. ഗവൺമെന്റ് സേവനങ്ങൾ സമയബന്ധിതവും, സുതാര്യവും, അഴിമതിരഹിതവും കാര്യക്ഷമവുമാക്കാനായി ധാരാളം ഭരണനവീകരണ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇവയെക്കുറിച്ചെല്ലാം നമുക്ക് വിശദമായി പഠിക്കാം...

**പ്രധാന ആശയങ്ങൾ**

- ♦ പൊതുഭരണം
- ♦ പൊതുഭരണത്തിന്റെ പ്രാധാന്യം
- ♦ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ.
- ♦ ഇന്ത്യൻ സിവിൽ സർവീസ്
- ♦ ഭരണനവീകരണം - പരിഷ്ക്കാരങ്ങൾ
  - (എ) ഇ-ഗവേണൻസ്
  - (ബി) വിവരാവകാശനിയമം
  - (സി) സേവനാവകാശനിയമം
  - (ഡി) ലോക്പാലും ലോകായുക്തയും
  - (ഇ) സെൻട്രൽ വിജിലൻസ് കമ്മീഷൻ
  - (എഫ്) ഓംബുഡ്സ്മാൻ

**പ്രവർത്തനം - 1**


പൊതുഭരണത്തിന്റെ നിർവചനം ക്രമം തെറ്റാതെ പൂർത്തിയാക്കുക.

രാജ്യത്ത് നിവിലുള്ള ..........എ.......... ഗവൺമെന്റിന്റെ നയപരിപാടികളും ..........ബി.......... നടപ്പാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും ..........സി.......... ഫലപ്രദമായി വിനിയോഗിക്കുന്നതാണ് പൊതുഭരണം.

| നിയമങ്ങളും | മനുഷ്യവിഭവവും | വികസന പദ്ധതികളും |
|---|---|---|

**പ്രവർത്തനം - 2**

പൊതുഭരണത്തിന്റെ പ്രാധാന്യം കാണിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.



**പ്രവർത്തനം - 3**

താഴെ കൊടുത്തിരിക്കുന്ന കളങ്ങളിൽ നിന്ന് ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ കണ്ടെത്തി വട്ടം വരച്ച് എടുത്തെഴുതുക.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഇ | യോ | ഗ്യ | ത | പ്ര | കാ | രം | നി | യ | മ | നം | X | രാ |
| ഗ | X | ലോ | X | X | വി | ഗ | X | X | വി | X | X | ഷ് |
| വേ | X | ക് | ഇ | ന്ത്യ | വ | വ | വൈ | X | ജി | യു | X | ട്രീ |
| ണ | X | പാ | X | X | രാ | ർ | ദ | രാ | ല | പി | X | യ |
| ൻ | X | ൽ | X | X | വ | ണ | ഗ് | ഷ് | ൻ | എസ് | X | നി |
| സ് | സ് | ഥി | ര | ത | കാ | ർ | ധ്യം | ട്രം | സ് | സി | X | ഷ്പ |
| X | X | കേ | ര | ളം | ശം | X | X | X | X | X | X | ക്ഷ |
| ലോ | കാ | യു | ക് | ത | X | X | X | പി | എസ് | സി | X | ത |
| X | X | ശ്രേ | ണി | പ | ര | മാ | യ | സം | ഘാ | ട | നം | X |

(1) ..........................................................................................

(2) ..........................................................................................

(3) ..........................................................................................


(4) ..........................................................................................

(5) ..........................................................................................

**പ്രവർത്തനം - 4**

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം വൃക്ഷത്തിലുണ്ട്. ശരിയുത്തരം കണ്ടെത്തി അതിൽ ചോദ്യനമ്പർ ഇടുക.

1. സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്ത്, സംസ്ഥാന ഗവൺമെന്റിന്റെ വകുപ്പുകളിൽ മാത്രം നിയമിക്കുന്ന സർവീസ് ഏത്?
2. അഖിലേന്ത്യാ സർവീസിന് ഉദാഹരണമേത്?
3. കേന്ദ്രസർവീസിന് ഉദാഹരണമേത്?
4. അഖിലേന്ത്യാ സർവീസിലേക്ക് ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്ന സ്ഥാപനം ഏത്?
5. സംസ്ഥാന സർവീസിലേക്ക് ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്ന സ്ഥാപനം ഏത്?



**പ്രവർത്തനം - 5**

അനുയോജ്യമായവ തെരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.

അഴിമതി തടയുക, 2005, 1964, ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ ഭരണരംഗത്തെ ഉപയോഗം, ബാങ്കിംഗ് മേഖലയിൽ ആരംഭിച്ചു.

| A | B |
|---|---|
| ഇ-ഗവേണൻസ് | |
| സെൻട്രൽ വിജിലൻസ് കമ്മീഷൻ | |
| ഓംബുഡ്സ്മാൻ | ബാങ്കിംങ് മേഖലയിൽ ആരംഭിച്ചു. |
| വിവരാവകാശനിയമം | |
| ലോക്പാൽ, ലോകായുക്ത | |

**പ്രവർത്തനം - 6**

ഒരേ ജോഡികൾക്ക് താഴെ കൊടുത്ത അനുയോജ്യമായ ചിഹ്നങ്ങൾ ഇടുക.

| വിവരാവകാശ നിയമം | ഇ-ഗവേണൻസ് | ലോക്പാൽ, ലോകായുക്ത | ഓംബുഡ്സ്മാൻ |
|---|---|---|---|
| ○ | △ | ✡ | □ |

| | |
|---|---|
| | അഴിമതി നിയന്ത്രിക്കുക, ഗവൺമെന്റ് പ്രവർത്തനങ്ങൾ സുതാര്യമാക്കുക |
| | ദേശീയതലത്തിൽ അഴിമതി തടയുക |
| | സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല |
| | ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധമുണ്ടാക്കുക |
| | വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് നിയമിക്കുന്നത്. |
| | സംസ്ഥാന തലത്തിൽ അഴിമതി തടയുക |
| | സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു. |
| | ജനങ്ങൾക്ക് നേരിട്ട് പരാതിയുമായി സമീപിക്കാം |

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. പൊതുഭരണം നിർവചിക്കുക.
2. പൊതുഭരണത്തിന്റെ പ്രാധാന്യം വിശദമാക്കുക.
3. ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
4. ഇന്ത്യൻ സിവിൽ സർവീസിന്റെ 3 ഭാഗങ്ങൾ ഏതെല്ലാം?
5. വിവരാവകാശനിയമം പാസ്സാക്കിയത് എന്ന്?
6. ഇ-ഗവേണൻസ് എന്നാലെന്ത്?
7. ലോക്പാൽ, ലോകായുക്ത എന്നിവ തമ്മിലുള്ള വ്യത്യാസമെന്ത്?

**ഉത്തരസൂചിക**

**പ്രവർത്തനം – 1**

(എ) നിയമങ്ങളും
(ബി) വികസനപദ്ധതികളും
(സി) മനുഷ്യവിഭവവും

**പ്രവർത്തനം – 2**

(1) ഗവൺമെന്റിന്റെ നയങ്ങൾ രൂപപ്പെടുത്തുന്നു.
(2) ജനക്ഷേമം ഉറപ്പാക്കുന്നു
(3) ജനകീയപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.
(4) സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

**പ്രവർത്തനം – 3**

(1) ശ്രേണീപരമായ സംഘാടനം
(2) യോഗ്യതപ്രകാരം നിയമനം
(3) രാഷ്ട്രീയ നിഷ്പക്ഷത
(4) വൈദഗ്ധ്യം
(5) സ്ഥിരത

**പ്രവർത്തനം – 4**

(1) സംസ്ഥാന സർവീസ്
(2) IAS
(3) IRS
(4) UPSC
(5) PSC

**പ്രവർത്തനം – 5**

| A | B |
|---|---|
| ഇ-ഗവേണൻസ് | ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ ഭരണരംഗത്തെ ഉപയോഗം |
| സെൻട്രൽ വിജിലൻസ് കമ്മീഷൻ | 1964 |
| ഓംബുഡ്സ്മാൻ | ബാങ്കിംങ് മേഖലയിൽ ആരംഭിച്ചു. |
| വിവരാവകാശനിയമം | 2005 |
| ലോക്പാൽ, ലോകായുക്ത | അഴിമതി തടയുക |

**പ്രവർത്തനം - 6**

(1) അഴിമതി നിയന്ത്രിക്കുക, ഗവൺമെന്റ് പ്രവർത്തനങ്ങൾ സുതാര്യമാക്കുക.
ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധമുണ്ടാക്കുക.

(2) സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല.
സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.

(3) ദേശീയതലത്തിൽ അഴിമതി തടയാൻ ലോക്പാൽ.
സംസ്ഥാന തലത്തിൽ അഴിമതി തടയാൻ ലോകായുക്ത.

(4) വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്.
ജനങ്ങൾക്ക് നേരിട്ട് പരാതിയുമായി ഓംബുഡ്സ്മാനെ സമീപിക്കാം.

## അധ്യായം – 4
## ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

ഇന്ത്യയിലെ കച്ചവട കുത്തകയ്ക്കുവേണ്ടി പരസ്പരം പോരാടിയ യൂറോപ്യൻ ശക്തികളിൽ പ്രബലരായി മാറിയ ബ്രിട്ടീഷുകാർ 1757 ലെ പ്ലാസിയുദ്ധത്തിലൂടെ ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് തുടക്കമിട്ടു. ബ്രിട്ടീഷുകാരുടെ നയങ്ങളും നികുതി സമ്പ്രദായങ്ങളും ജനങ്ങളുടെ ജീവിതത്തിൽ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കി. ഇത്തരം ചൂഷണങ്ങൾക്കെതിരെ ഇന്ത്യയുടെ പലഭാഗങ്ങളിലും ചെറുത്തുനിൽപ്പുകളുണ്ടായി. അവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നതാണ് ഈ യൂണിറ്റ്...

**പ്രധാന ആശയങ്ങൾ**

- ♦ ബ്രിട്ടീഷ് ഭൂനികുതി സമ്പ്രദായങ്ങൾ
- ♦ കർഷക കലാപങ്ങൾ
- ♦ ഗോത്രകലാപങ്ങൾ
- ♦ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച
- ♦ 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം
- ♦ സ്വദേശിപ്രസ്ഥാനം


**പ്രവർത്തനം – 1**

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണ പ്രദേശങ്ങളിൽ വ്യത്യസ്ത നികുതി സമ്പ്രദായങ്ങളാണ് അവർ നടപ്പിലാക്കിയത്. ചുവടെ നൽകിയിരിക്കുന്ന നികുതി സമ്പ്രദായങ്ങളുടെ പട്ടിക പൂർത്തിയാക്കുക.

| ഭൂനികുതി വ്യവസ്ഥ | നടപ്പിലാക്കിയ പ്രദേശങ്ങൾ |
|---|---|
| (എ) ശാശ്വതഭൂനികുതി വ്യവസ്ഥ | ........................................................................ |
| (ബി) ..................................................................... | ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ |
| (സി) മഹൽവാരി വ്യവസ്ഥ | ........................................................................ |

**പ്രവർത്തനം – 2**

ശാശ്വതഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ കാണിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.



**പ്രവർത്തനം – 3**

ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ തുണിവ്യവസായം തകർച്ചയെ നേരിട്ടു. അതിന്റെ പ്രധാന കാരണം താഴെ നൽകിയിരിക്കുന്നു. കൂടുതൽ കാരണങ്ങൾ എഴുതി ചാർട്ട് പൂർത്തിയാക്കുക.

**ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയ്ക്കുള്ള കാരണങ്ങൾ**

- എ). ..............
- ബി). ..............
- സി). ..............
- ഡി). ..............
- യന്ത്രനിർമ്മിത തുണിത്തരങ്ങളുടെ ഇറക്കുമതി

**പ്രവർത്തനം – 4**

ബ്രിട്ടീഷ് ചൂഷണത്തിനെതിരെ ഇന്ത്യയിൽ നടന്ന ആദ്യകാല കലാപങ്ങൾ ഫ്ളോചാർട്ടിൽ രേഖപ്പെടുത്തുക.

**ഇന്ത്യയിലെ ആദ്യകാല കലാപങ്ങൾ**

- എ). ...............
- ബി). ...............
- കുറിച്യകലാപം
- സി). ...............

**പ്രവർത്തനം – 5**

ഒന്നാം സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട കലാപകേന്ദ്രങ്ങളും നേതാക്കളും ഉൾപ്പെടുന്ന പട്ടിക പൂർത്തിയാക്കുക.

| കലാപകേന്ദ്രം | നേതാക്കൻമാർ |
|---|---|
| എ) ....................................................................... | എ) ബഹദൂർഷാ രണ്ടാമൻ |
| ബി) ഝാൻസി | ബി) ........................................................... |
| സി) ....................................................................... | സി) ബീഗം ഹസ്രത്ത് മഹൽ |
| ഡി) കാൺപൂർ. | ഡി) ........................................................... |
| ഇ) ....................................................................... | ഇ) മൗലവി അഹമ്മദുള്ള |

**പ്രവർത്തനം – 6**

ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന ആദ്യത്തെ സംഘടിത ചെറുത്തുനിൽപ്പായിരുന്നു ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരം എന്നറിയപ്പെടുന്ന 1857 ലെ കലാപം. ഇതിന്റെ കാരണങ്ങൾ ആശയഫലകത്തിൽ രേഖപ്പെടുത്തുക.

- കർഷകരുടെ ദുരിതങ്ങൾ
- (എ)..................................
- (ബി)..................................
- (സി)..................................

**1857 ലെ കലാപ കാരണങ്ങൾ**


**പ്രവർത്തനം – 7**

ഇന്ത്യയിലെ ഗ്രാമീണ കരകൗശലവ്യവസായങ്ങളും അവയുടെ തകർച്ചയ്ക്കുള്ള കാരണങ്ങളും കാണിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| ഗ്രാമീണവ്യവസായങ്ങൾ | തകർച്ചയ്ക്കുള്ള കാരണം |
|---|---|
| ♦ മൺപാത്രനിർമ്മാണം | ♦ അലൂമിനിയം പാത്രങ്ങളുടെ ഇറക്കുമതി |
| ♦ തുകൽപ്പണി | എ) ........................................................................ |
| ♦ മരപ്പണി | ബി) ........................................................................ |

**പ്രവർത്തനം – 8**

ദാദാഭായ് നവ്റോജിയുടെ **'പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ'** എന്ന പുസ്തകത്തിൽ പ്രതിപാദിച്ച ചോർച്ചാസിദ്ധാന്തപ്രകാരം ഏതെല്ലാം മാർഗങ്ങളിലൂടെയാണ് ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേയ്ക്ക് ചോർന്നത് എന്ന് താഴെ ചിത്രത്തിൽ രേഖപ്പെടുത്തുക.



**വിലയിരുത്തൽ ചോദ്യങ്ങൾ**

1. ദക്ഷിണേന്ത്യയിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനികുതി സമ്പ്രദായം ഏത്?
2. ഗ്രാമീണ വ്യവസായങ്ങളുടെ തകർച്ചയിലേക്ക് നയിച്ച കാരണങ്ങൾ വിശകലനം ചെയ്യുക.
3. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ കാരണങ്ങൾ വിവരിക്കുക?
4. കുറിച്യകലാപത്തിനിടയാക്കിയ കാരണങ്ങൾ എന്തെല്ലാം?
5. ശാശ്വതഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാം?
6. ഡൽഹിയിൽ ബ്രിട്ടീഷ് വിരുദ്ധ കലാപത്തിന് നേതൃത്വം കൊടുത്തതാര്?
7. ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേയ്ക്ക് ചോർന്നത് എങ്ങനെയെല്ലാമെന്ന് വിശദീകരിക്കുക.

**ഉത്തര സൂചിക**

**പ്രവർത്തനം – 1**

(എ) ബംഗാൾ, ബീഹാർ, ഒറീസ

(ബി) റയട്ട്വാരി വ്യവസ്ഥ

(സി) വടക്കുപടിഞ്ഞാറൻ ഇന്ത്യ

**പ്രവർത്തനം – 2**

(എ) സെമീന്ദാർമാർ ഭൂമിയുടെ ഉടമകളായി.

(ബി) യഥാർത്ഥ കർഷകൻ കുടിയാനായി.

(സി) വിളവ് മോശമായാലും നികുതി നൽകണം.

(ഡി) നിശ്ചിത രീതിയിൽ നികുതി പണമായി നൽകണം.

**പ്രവർത്തനം – 3**

(എ) റയിൽവേയുടെ വ്യാപനം.

(ബി) കയറ്റുമതി ചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങളുടെ മേൽ ചുമത്തിയ ഉയർന്ന നികുതി.

(സി) ഇന്ത്യയിലെ നെയ്ത്ത് ജോലിക്കാരുടെ മേലുള്ള ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഡനവും

(ഡി) അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി.

**പ്രവർത്തനം – 4**

(എ) നീലംകർഷകകലാപം

(ബി) കുറിച്യകലാപം

(സി) സന്താൾകലാപം

(ഡി) മാപ്പിളകലാപം

**പ്രവർത്തനം – 5**

(എ) ഡൽഹി

(ബി) റാണി ലക്ഷ്മീഭായി

(സി) ലഖ്നൗ

(ഡി) നാനാസാഹേബ്, താന്തിയാതോപ്പി

(ഇ) ഫൈസാബാദ്

**പ്രവർത്തനം – 6**

(എ) കരകൗശലത്തൊഴിലാളികളുടെ ദാരിദ്ര്യം

(ബി) രാജാക്കൻമാരുടെ പ്രശ്നങ്ങൾ

(സി) ശിപായിമാരുടെ ദുരിതങ്ങൾ

**പ്രവർത്തനം - 7**

(എ) അസംസ്കൃത വസ്തുവായ തുകലിന്റെ യൂറോപ്പിലേയ്ക്കുള്ള കയറ്റുമതി.

(ബി) ലോഹനിർമ്മിതയന്ത്രങ്ങളുടെ ഉപയോഗം.

**പ്രവർത്തനം - 8**

(എ) ഇന്ത്യയിൽ നിന്നുള്ള അസംസ്കൃതവസ്തുക്കളുടെ കയറ്റുമതി.

(ബി) ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും.

(സി) ഇന്ത്യയിൽനിന്ന് പിരിച്ചെടുക്കുന്ന നികുതി.

# അധ്യായം - 5
# സംസ്കാരവും ദേശീയതയും


ജാതി-മത-വർഗ-പ്രാദേശിക വ്യത്യസങ്ങൾക്കുപരിയായി ഒരു രാജ്യത്തെ ജനതയുടെ മാനസിക ഐക്യമാണ് ദേശീയത. വൈവിധ്യങ്ങൾക്കിടയിലും ഇന്ത്യയിൽ നിലനിൽക്കുന്ന ഏകത്വമാണ് നമ്മുടെ ദേശീയതയുടെ അടിസ്ഥാനം. കൊളോണിയൽ ഭരണം, സാമൂഹികപരിഷ്ക്കരണ പ്രസ്ഥാനങ്ങൾ, പത്രങ്ങൾ, വിദ്യാഭ്യാസം, സാഹിത്യം, കല തുടങ്ങിയ ഘടകങ്ങൾ ഇന്ത്യൻ ദേശീയതയുടെ രൂപപ്പെടലിന് കാരണമായിട്ടുണ്ട്. അവയെക്കുറിച്ച് ഈ യൂണിറ്റിലൂടെ മനസ്സിലാക്കാം...

**പ്രധാന ആശയങ്ങൾ**

- ♦ സാമൂഹിക പരിഷ്കരണം.
- ♦ പത്രങ്ങളും ദേശീയതയും.
- ♦ വിദ്യാഭ്യാസവും ദേശീയതയും.
- ♦ സാഹിത്യവും ദേശീയതയും.
- ♦ കലയും ദേശീയതയും.

**പ്രവർത്തനം - 1**

ഇന്ത്യൻ സമൂഹത്തിന്റെ പരിഷ്കരണത്തിനായി സാമൂഹ്യപരിഷ്ക്കർത്താക്കൾ മുന്നോട്ട് വെച്ച ആവശ്യങ്ങൾ ഉൾപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കുക.




**പ്രവർത്തനം - 2**

ഇന്ത്യയിലെ സാമൂഹിക പരിഷ്കരണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| പരിഷ്കരണ പ്രസ്ഥാനങ്ങൾ | പരിഷ്കർത്താക്കൾ |
|---|---|
| ■ ആര്യസമാജം | ■ സ്വാമി ദയാനന്ദ സരസ്വതി |
| ■ ................................................................. | ■ സർ സയ്യിദ് അഹ്മദ്ഖാൻ |
| ■ തിയോസഫിക്കൽ സൊസൈറ്റി | ■ ............................................................... |
| ■ ............................................................................ | ■ ആത്മാറാം പാണ്ഡുരംഗ് |
| ■ സത്യശോധക് സമാജം | ■ ............................................................ |

**പ്രവർത്തനം – 3**

സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി ബ്രിട്ടീഷുകാർ നിയമംമൂലം നിരോധിച്ച അനാചാരങ്ങൾ പദസൂര്യനിൽ രേഖപ്പെടുത്തുക.

**സാമൂഹിക അനാചാരങ്ങൾ ഇല്ലായ്മ ചെയ്യുവാൻ ബ്രിട്ടീഷുകാർ കൈക്കൊണ്ട നടപടികൾ**

- സതി നിരോധിച്ചു
- എ). ...................................
- ബി). ...................................
- സി). ...................................
- അടിമത്തം നിരോധിച്ചു
- ഡി). ...................................

**പ്രവർത്തനം – 4**

ഇന്ത്യൻ ദേശീയത ശക്തിപ്പെടുത്തുന്നതിൽ പത്രങ്ങൾ വഹിച്ച പങ്ക് വിശദമാക്കുന്ന ഫലകം പൂർത്തിയാക്കുക.

| | |
|---|---|
| A. ............................................ | ഇന്ത്യൻ സമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കും എതിരായി നടക്കുന്ന സാമൂഹികപരിഷ്ക്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി |
| B. ............................................ | C. ............................................ |
| D. ............................................ | E. ............................................ |

**പ്രവർത്തനം – 5**

ഇന്ത്യയിൽ ആരംഭിച്ച ദേശീയ വിദ്യാലയങ്ങളും, അവയുടെ സ്ഥാപകരും, സ്ഥലങ്ങളും പട്ടികപ്പെടുത്തുക.

| ദേശീയവിദ്യാലയങ്ങൾ | | സ്ഥാപകർ | സ്ഥലം |
|---|---|---|---|
| എ | ഡക്കാൻ എജ്യൂക്കേഷൻ സൊസൈറ്റി | ജി.ജി.അഗാർക്കർ, ബാലഗംഗാധരതിലക്, മഹാദേവ ഗോവിന്ദ റാനഡെ | പൂനെ |
| ബി | ........................................ | ഡി.കെ. കാർവെ | ......................... |
| സി | ........................................ | ....................................................... | ബംഗാൾ |
| ഡി | ജാമിഅ മില്ലിയ ഇസ്ലാമിയ | ....................................................... | ......................... |
| ഇ | ........................................ | ....................................................... | തൃശൂർ |

**പ്രവർത്തനം – 6**

ഇന്ത്യൻ ദേശീയതയുടെ വളർച്ചയിൽ പങ്കുവഹിച്ച സാഹിത്യകാരൻമാരുടെയും അവരുടെ കൃതികളുടെയും പട്ടിക പൂർത്തിയാക്കുക.

| എഴുത്തുകാർ | | കൃതികൾ |
|---|---|---|
| എ | ............................................... | ആനന്ദമഠം |
| ബി | വിഷ്ണുകൃഷ്ണ ചിപ്ളുങ്കർ | ............................................... |
| സി | ദിനബന്ധു മിത്ര | ............................................... |
| ഡി | ............................................... | ഗോദാൻ |

**പ്രവർത്തനം – 7**

ഇന്ത്യൻ ദേശീയതയുടെ വളർച്ചയിൽ പങ്കുവഹിച്ച ചില ചിത്രങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്. അവ വരച്ച ചിത്രകാരൻമാരുടെ പേരുകൾ ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്തെഴുതുക.

[രാജാരവിവർമ്മ, നന്ദലാൽ ബോസ്, അബനീന്ദ്രനാഥ ടാഗോർ, അമൃതാ ഷേർഗിൽ]



ഭാരതമാത

(എ)



ശാകുന്തളത്തിൽ നിന്നുള്ള രംഗം

(ബി)



സതി

(സി)



ഗ്രാമീണജീവിതം

(ഡി)

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. ഇന്ത്യൻസമൂഹത്തിന്റെ പരിഷ്കരണത്തിനായി സാമൂഹ്യപരിഷ്കർത്താക്കൾ മുന്നോട്ട് വെച്ച ആവശ്യങ്ങൾ എന്തെല്ലാം?
2. ഇന്ത്യൻ ദേശീയതയുടെ വളർച്ചയിൽ പത്രങ്ങൾ വഹിച്ച പങ്ക് വിശദമാക്കുക.
3. ഇന്ത്യൻ ദേശീയതയുടെ വളർച്ചയിൽ പങ്ക് വഹിച്ച സാഹിത്യകാരൻമാരും കൃതികളും പട്ടികപ്പെടുത്തുക.
4. ഇന്ത്യൻ ദേശീയതയുടെ വളർച്ചയിൽ ചിത്രകാരൻമാർ വഹിച്ച പങ്ക് വിശദമാക്കുക.
5. ജ്യോതിബാ ഫുലെ നേതൃത്വം കൊടുത്ത സാമൂഹിക പരിഷ്കരണ പ്രസ്ഥാനം ഏത്?
6. സാമൂഹിക അനാചാരങ്ങൾ ഇല്ലായ്മ ചെയ്യാൻ ബ്രിട്ടീഷുകാർ കൈക്കൊണ്ട നടപടികൾ ലിസ്റ്റ് ചെയ്യുക.
7. ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവകലാശാല സ്ഥാപിച്ചതാര്? എവിടെ?

**ഉത്തര സൂചിക**

**പ്രവർത്തനം - 1**

(1) എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക.
(2) സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക.
(3) എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.
(4) വിധവാ പുനർവിവാഹം നടപ്പിലാക്കുക.
(5)ശൈശവവിവാഹം, പൗരോഹിത്യ മേധാവിത്വം എന്നിവ അവസാനിപ്പിക്കുക.

**പ്രവർത്തനം - 2**

- അലിഗഢ് പ്രസ്ഥാനം
- ആനിബസന്റ്
- പ്രാർത്ഥനാസമാജം
- ജോതിബാ ഫുലെ

**പ്രവർത്തനം - 3**

(എ) ശൈശവവിവാഹവും, ബഹുഭാര്യത്വവും നിരോധിച്ചു.
(ബി) പന്ത്രണ്ട് വയസ്സിന് താഴെ പ്രായമുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്ക് ഏർപ്പെടുത്തി.
(സി) പെൺശിശുഹത്യ നിരോധിച്ചു.
(ഡി) വിധവാ പുനർവിവാഹം നടപ്പിലാക്കി.

**പ്രവർത്തനം - 4**

| | |
|---|---|
| ഇന്ത്യയുടെ ഓരോ ഭാഗത്തും നടക്കുന്ന അടിച്ചമർത്തലിനെയും, മർദകഭരണത്തെയും കുറിച്ച് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് വിവരം നൽകി. A | ഇന്ത്യൻ സമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കും എതിരായി നടക്കുന്ന സാമൂഹിക പരിഷ്ക്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി |
| ബ്രിട്ടീഷ് ഭരണത്തിനെതിരായും ഇന്ത്യയിലെ സാമൂഹികമായ തിന്മകൾക്ക് എതിരായും പ്രതിഷേധിക്കാനും പ്രതികരിക്കാനും ജനങ്ങളെ പ്രേരിപ്പിച്ചു. B | ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിനും, ജനാധിപത്യത്തിനും, സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ച് വിവരം നൽകി. C |
| ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി. D | പ്ലേഗ്, ക്ഷാമം എന്നിവ മൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിന് ആളുകൾ മരണപ്പെട്ട വാർത്ത ഇന്ത്യയിലെമ്പാടും എത്തിച്ചു. E |

**പ്രവർത്തനം - 5**

| | ദേശീയവിദ്യാലയങ്ങൾ | സ്ഥാപകർ | സ്ഥലം |
|---|---|---|---|
| എ | ഡക്കാൻ എജ്യൂക്കേഷൻ സൊസൈറ്റി | ജി.ജി.അഗാർക്കർ, ബാലഗംഗാധര തിലക്, മഹാദേവ ഗോവിന്ദ റാനഡെ | പൂനെ |
| ബി | വനിതാ സർവകലാശാല | ഡി.കെ. കാർവെ | മഹാരാഷ്ട്ര |
| സി | വിശ്വഭാരതി സർവകലാശാല | രവീന്ദ്രനാഥ ടാഗോർ | ബംഗാൾ |
| ഡി | ജാമിഅ മില്ലിയ ഇസ്ലാമിയ | മൗലാന മുഹമ്മദലി, ഷൗക്കത്തലി ഡോ.സക്കീർഹുസൈൻ, എം.എ.അൻസാരി | അലിഗഡ് |
| ഇ | കേരള കലാമണ്ഡലം | വള്ളത്തോൾ നാരായണ മേനോൻ | തൃശൂർ |

**പ്രവർത്തനം - 6**

(എ) ബങ്കിംചന്ദ്ര ചാറ്റർജി
(ബി) നിബന്ധമാല
(സി) നീൽദർപ്പൺ
(ഡി) പ്രേംചന്ദ്

**പ്രവർത്തനം - 7**

(എ) അംബനീന്ദ്രനാഥ ടാഗോർ
(ബി) രാജാ രവിവർമ്മ
(സി) നന്ദലാൽ ബോസ്
(ഡി) അമൃത ഷേർഗിൽ

# അധ്യായം - 6
# സമരവും സ്വാതന്ത്ര്യവും

ബ്രിട്ടീഷ് ഭരണത്തിനെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യകാല സമരങ്ങളിലൂടെ അദ്ദേഹം ഇന്ത്യയുടെ ദേശീയനേതാവായി മാറി. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയസമരങ്ങളും ഗാന്ധിയൻ സമരരീതികളിൽ നിന്നും വിഭിന്നമായി നടന്ന സ്വാതന്ത്ര്യസമര പോരാട്ടങ്ങളും തുടർന്നുണ്ടായ ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിയും ഈ പാഠഭാഗത്തിൽ വിശകലനം ചെയ്യുന്നു.

**പ്രധാന ആശയങ്ങൾ**

- ♦ ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ
- ♦ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയസമരങ്ങൾ.
  - എ) നിസ്സഹകരണസമരം
  - ബി) സിവിൽനിയമലംഘനസമരം
  - സി) ക്വിറ്റ് ഇന്ത്യാസമരം
- ♦ വിപ്ലവപ്രസ്ഥാനങ്ങൾ - പ്രവർത്തനങ്ങൾ
- ♦ തൊഴിലാളി - കർഷക പ്രസ്ഥാനങ്ങൾ
- ♦ മൗണ്ട് ബാറ്റൻ പദ്ധതി


**പ്രവർത്തനം - 1**

ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങൾ, സ്ഥലം, കാരണം, ഫലം എന്നിവയുടെ പട്ടിക പൂർത്തിയാക്കുക.

| സമരങ്ങൾ | | സ്ഥലം | കാരണം | ഫലം |
|---|---|---|---|---|
| എ. | നീലം കർഷകസമരം-1917 | ........................................ | ........................................... | നീലം കർഷകർക്ക് അനുകൂലമായ നിയമം പാസാക്കി. |
| ബി | തുണിമിൽ സമരം - 1918 | ........................................ | ........................................... | ................................................... |
| സി. | കർഷക സമരം - 1918 | ഖേഡ | ദുരിതകാലത്ത് കർഷകരിൽ നിന്ന് നികുതി പിരിക്കാൻ തീരുമാനിച്ചു. | ................................................... |

**പ്രവർത്തനം - 2**

നിസ്സഹകരണസമരത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കുക.



**പ്രവർത്തനം – 3**

നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ആഹ്വാനം ചെയ്ത നിർമാണപ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുക.

| നിർമാണ പ്രവർത്തനങ്ങൾ |
|---|
| ♦ തദ്ദേശീയ ഉല്പന്നങ്ങൾ നിർമിക്കൽ |
| 1) ........................................ |
| 2) ........................................ |
| 3) ........................................ |
| 4) ........................................ |


**പ്രവർത്തനം – 4**

സിവിൽ നിയമലംഘനത്തിന്റെ ഭാഗമായി നടന്ന പ്രധാന സമരമാണ് ഉപ്പ് സത്യാഗ്രഹം. ഉപ്പ് സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ പട്ടികപ്പെടുത്തുക.

| ഉപ്പ് സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ |
|---|
| ♦ ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു. |
| എ) ........................................ |
| ബി) ........................................ |
| സി) ........................................ |
| ഡി) ........................................ |

**പ്രവർത്തനം – 5**

ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദേശങ്ങൾ ആശയ ഫലകത്തിൽ രേഖപ്പെടുത്തുക.



**പ്രവർത്തനം - 6**

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ സുഭാഷ് ചന്ദ്രബോസ് വഹിച്ച പങ്ക് വ്യക്തമാക്കുന്ന ചാർട്ട് പൂർത്തിയാക്കുക.

ഫോർവേഡ് ബ്ലോക്ക് രൂപീകരിച്ചു

⇓

(എ)........................................................

⇓

(ബി)........................................................

⇓

(സി)........................................................

⇓

ഝാൻസിറാണി റെജിമെന്റ് - ക്യാപ്റ്റൻ ലക്ഷ്മി

**പ്രവർത്തനം - 7**

ചേരുംപടി ചേർക്കുക

| എ | ബി |
|---|---|
| 1. സ്വരാജ് പാർട്ടി | 1. ജയപ്രകാശ് നാരായണൻ |
| 2. ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ | 2. എൻ.ജി.രംഗ |
| 3. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | 3. സി.ആർ.ദാസ് |
| 4. അഖിലേന്ത്യാ കിസാൻ കോൺഗ്രസ് | 4. എൻ.എം.ജോഷി |
| 5. അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് | 5. ഭഗത്സിംഗ് |

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യകാല സമരങ്ങൾ ഏതെല്ലാം?
2. നിസ്സഹരണ സമരത്തിന്റെ സവിശേഷതകൾ ലിസ്റ്റ് ചെയ്യുക.
3. ഉപ്പ് സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ പട്ടികപ്പെടുത്തുക.
4. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ആഹ്വാനം ചെയ്ത നിർമ്മാണ പ്രവർത്തനങ്ങൾ ഏവ?
5. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ എഴുതുക.
6. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സുഭാഷ്ചന്ദ്രബോസ് വഹിച്ച പങ്ക് വിശദമാക്കുക.
7. അഖിലേന്ത്യാ കിസാൻ കോൺഗ്രസ് സ്ഥാപിതമായത് ആരുടെ നേതൃത്വത്തിലാണ്?

**ഉത്തര സൂചിക**

**പ്രവർത്തനം - 1**

- ചമ്പാരൻ - നീലം കർഷകരുടെ ദുരിതം
- അഹമ്മദാബാദ് - ശമ്പളവർധനവ് ലഭിച്ചു
- നികുതി പിരിവ് - നികുതിയിളവ് അനുവദിച്ചു.

**പ്രവർത്തനം - 2**

- വിദേശവസ്തുക്കൾ ബഹിഷ്കരിക്കുക.
- തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക.
- നികുതി നൽകാതിരിക്കുക.
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക.
- വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക.

**പ്രവർത്തനം - 3**

(1) ഖാദിവസ്ത്രങ്ങൾ നെയ്യുക.
(2) ദേശീയ വിദ്യാലയങ്ങൾ ആരംഭിക്കുക.
(3) ഹിന്ദി പ്രചരിപ്പിക്കുക.
(4) അയിത്തോച്ചാടന പ്രവർത്തനങ്ങൾ

**പ്രവർത്തനം - 4**

(എ) ബ്രിട്ടീഷ് സർക്കാരിന്റെ നികുതിവരുമാനത്തിന്റെ അഞ്ചിൽ രണ്ടു ഭാഗവും ഉപ്പിനുമേൽ ചുമത്തുന്ന നികുതി ആയിരുന്നു.
(ബി) തദ്ദേശീയരായ ചെറുകിട ഉപ്പുൽപ്പാദകർക്കുമേൽ ഉപ്പുണ്ടാക്കുന്നതിന് നിരോധനം ഏർപ്പെടുത്തി.
(സി) ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർധിച്ചു.
(ഡി) സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഉപ്പ് നികുതി എടുത്തുകളയുക എന്നത്.

**പ്രവർത്തനം - 5**

(1) നാട്ടുരാജാക്കൻമാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.
(2)സർക്കാർ ജീവനക്കാർ രാജിവയ്ക്കാതെ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം.
(3)പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്ക് നേരെ വെടിവയ്ക്കാൻ വിസമ്മതിക്കണം.
(4)സ്വാതന്ത്ര്യപ്രാപ്തിവരെ പിടിച്ചുനിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം.

**പ്രവർത്തനം - 6**

(എ) ഇന്ത്യൻ നാഷണൽ ആർമി.
(ബി) സിംഗപ്പൂരിൽ താൽക്കാലിക ഗവൺമെന്റ് രൂപീകരിച്ചു.
(സി) ഇംഫാലിൽ ദേശീയപതാക ഉയർത്തി.

**പ്രവർത്തനം - 7**

(1) സി.ആർ.ദാസ്
(2) ഭഗത്സിംങ്
(3) ജയപ്രകാശ് നാരായണൻ.
(4) എൻ.ജി. രംഗ
(5) എൻ.എം. ജോഷി

# അധ്യായം - 7
# സ്വാതന്ത്ര്യാനന്തര ഇന്ത്യ

നൂറ്റാണ്ടുകൾ നീണ്ടുനിന്ന ബ്രിട്ടീഷ് ഭരണവും ചൂഷണവും തീർത്തും ദുർബലമാക്കിയ ഒരു രാഷ്ട്രമാണ് 1947 ആഗസ്റ്റ് 15 ന് നമുക്ക് ലഭിച്ചത്. സ്വതന്ത്ര ഇന്ത്യ നേരിട്ട വെല്ലുവിളികൾ നിരവധിയായിരുന്നു. അത്തരം വെല്ലുവിളികൾ തരണം ചെയ്യുന്നതിനും രാഷ്ട്രത്തെ പുനഃസൃഷ്ടിക്കുന്നതിനും നിശ്ചയദാർഢ്യത്തോടെയും ദീർഘവീക്ഷണത്തോടെയും നാം സ്വീകരിച്ച നടപടികളും അതിലൂടെ കൈവരിച്ച നേട്ടങ്ങളും പരിചയപ്പെടാം..... സ്വതന്ത്ര ഇന്ത്യയുടെ വിദേശനയം എന്താണെന്ന് അടുത്തറിയാം....

**പ്രധാന ആശയങ്ങൾ**

- ♦ നാട്ടുരാജ്യങ്ങളുടെ സംയോജനം
- ♦ ഭരണഘടനാ രൂപീകരണം
- ♦ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം.
- ♦ ശാസ്ത്ര-സാങ്കേതിക-ബഹിരാകാശ-വിദ്യാഭ്യാസ-സാമ്പത്തിക മേഖലകളിലെ മുന്നേറ്റം
- ♦ സാംസ്കാരിക രംഗത്തെ നേട്ടങ്ങൾ
- ♦ വിദേശനയം
- ♦ പഞ്ചശീലതത്ത്വങ്ങൾ

**പ്രവർത്തനം - 1**

സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനായി ലയനക്കരാർ തയ്യാറാക്കിയവരിൽ ഒരാൾ മലയാളിയായ വി.പി. മേനോനാണ്. രണ്ടാമത്തെയാളെ തിരിച്ചറിഞ്ഞ് എഴുതുക.




(എ) വി.പി. മേനോൻ



(ബി)...............................

**പ്രവർത്തനം - 2**

ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങളെ ചേർത്ത് പദസൂര്യൻ പൂർത്തിയാക്കുക.



**പ്രവർത്തനം - 3**

തന്നിരിക്കുന്ന വിവരങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ ചേർത്ത് പട്ടിക പൂർത്തിയാക്കുക. (മാഹി, 1954, ഗോവ, 1961)

| രാജ്യം | അധിനിവേശപ്രദേശം | ഇന്ത്യയോട് ചേർക്കപ്പെട്ട വർഷം |
|---|---|---|
| ഫ്രാൻസ് | ♦ പോണ്ടിച്ചേരി<br>♦ കാരക്കൽ<br>♦ (എ)......................................<br>♦ യാനം | ♦ (ബി)................................................ |
| പോർട്ടുഗൽ | ♦ ദാമൻ<br>♦ (സി)......................................<br>♦ ദിയു | ♦ (ഡി)................................................ |


**പ്രവർത്തനം - 4**

സ്വാതന്ത്ര്യാനന്തരഇന്ത്യയിൽ വ്യക്തിമുദ്ര പതിപ്പിച്ചവരിൽ ചിലരുടെ ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്. സൂചനകൾക്കനുസരിച്ച് വ്യക്തികളെ തിരിച്ചറിഞ്ഞ് പേരെഴുതുക.


പോറ്റി ശ്രീരാമലു


ഡോ. ബി.ആർ. അംബോദ്കർ


ജവഹർലാൽ നെഹ്റു


ഡോ. രാജേന്ദ്ര പ്രസാദ്


ഫസൽ അലി

സൂചനകൾ:

♦ സംസ്ഥാന പുനസ്സംഘടനാ കമ്മീഷന്റെ അധ്യക്ഷൻ
(എ)....................................................................

♦ ആന്ധ്രാ സംസ്ഥാനം രൂപീകരിക്കുകയെന്ന ആവശ്യവുമായി നിരാഹാരസമരം നടത്തി മരണം വരിച്ച സ്വാതന്ത്ര്യസമരസേനാനി.
(ബി)................................................................

♦ ഭരണഘടനാനിർമ്മാണസഭയുടെ അധ്യക്ഷൻ
(സി)..................................................................

♦ ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ
(ഡി)..................................................................

♦ ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യ ശില്പി
(ഇ)...................................................................

**പ്രവർത്തനം - 5**

പട്ടികയുടെ സഹായത്തോടെ ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

| കമ്മീഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| • ഡോ. രാധാകൃഷ്ണൻ കമ്മീഷൻ (1948) | സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | • തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുക.<br>• സ്ത്രീവിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകണം.<br>• യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യു.ജി.സി) രൂപീകരിക്കണം. |
| • ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ (1952) | സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള പഠനം | • ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം.<br>• സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കണം.<br>• വിവിധോദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കണം.<br>• അധ്യാപകപരിശീലന സമിതി രൂപീകരിക്കണം. |
| • ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ (1964) | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദേശം | • 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം.<br>• സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം.<br>• മൂല്യവിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം. |

(1) 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണമെന്ന ശുപാർശ നൽകിയ വിദ്യാഭ്യാസ കമ്മീഷൻ ഏത്?

(2) യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷൻ (യു.ജി.സി) രൂപീകരിക്കാനുള്ള ശുപാർശ മുന്നോട്ട് വെച്ച കമ്മീഷൻ ഏത്?

(3) മുതലിയാർ കമ്മീഷൻ ഏത് വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള പഠനത്തിനാണ് പ്രാധാന്യം നൽകിയത്?

(4) സർവ്വകലാശാല വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട കമ്മീഷൻ?

(5) കോത്താരി കമ്മീഷന്റെ ലക്ഷ്യം എന്തായിരുന്നു? പ്രധാനശുപാർശകൾ എഴുതുക.

**പ്രവർത്തനം - 6**

സ്വാതന്ത്ര്യാനന്തരഇന്ത്യയിൽ ബഹിരാകാശ ഗവേഷണരംഗത്ത് ഉയർന്നുകേട്ട പേരുകളാണ് ചുവടെ നൽകിയിരിക്കുന്നത്. അവ ഉത്തരമായി കിട്ടത്തക്ക വിധത്തിൽ ചോദ്യങ്ങളുണ്ടാക്കൂ...

എ (മംഗൾയാൻ) ബി (ആര്യഭട്ട) സി (തുമ്പ) ഡി (അഗ്നി, പൃഥ്വി) ഇ (ചന്ദ്രയാൻ)

ചോദ്യങ്ങൾ

എ. ..........................................................................

ബി. ..........................................................................

സി. ..........................................................................

ഡി. ..........................................................................


ഇ. ..........................................................................

**പ്രവർത്തനം - 7**

1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിലെ നിർദേശങ്ങൾ, ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങൾ എന്നിവ ഇടകലർത്തിയാണ് നൽകിയിരിക്കുന്നത്. ഇവ വേർതിരിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ രേഖപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കൂ.

പ്രാഥമികവിദ്യാഭ്യാസം, ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം, ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി, നവോദയവിദ്യാലയങ്ങൾ, പഞ്ചശീലതത്ത്വങ്ങൾ, ചേരിചേരായ്മ, തുടർവിദ്യാഭ്യാസം, വംശീയവാദത്തോടുള്ള വിദ്വേഷം






**പ്രവർത്തനം – 8**

പട്ടിക പൂർത്തിയാക്കി ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക.


(എ) പഞ്ചശീലതത്ത്വങ്ങൾ

| | |
|---|---|
| ♦ രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക. | ♦ |
| ♦ | ♦ |
| ♦ | |

(ബി) പഞ്ചശീലതത്ത്വങ്ങളിൽ ഒപ്പുവെച്ച ഭരണാധികാരികൾ ആരെല്ലാം?

**പ്രവർത്തനം – 9**

സ്വതന്ത്രഇന്ത്യ ശാസ്ത്ര - സാങ്കേതിക രംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ താഴെ കൊടുത്ത ഫലകത്തിൽ രേഖപ്പെടുത്തുക.



**വിലയിരുത്തൽ ചോദ്യങ്ങൾ**

1. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനായി ലയനക്കരാർ തയ്യാറാക്കിയത് ആരൊക്കെ ചേർന്നാണ്?
2. ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങളുടെ പേരെഴുതുക?
3. ഗോവ, ദാമൻ, ദിയു എന്നീ പ്രദേശങ്ങൾ ഏത് യൂറോപ്യൻ രാജ്യത്തിന്റെ അധീനതയിലായിരുന്നു?
4. ആന്ധ്രസംസ്ഥാനം രൂപീകരിക്കുകയെന്ന ആവശ്യവുമായി നിരാഹാര സമരം നടത്തി മരണം വരിച്ച സ്വാതന്ത്ര്യസമരസേനാനി ആര്?
5. കോത്താരി കമ്മീഷന്റെ പ്രധാന ശുപാർശകൾ ഏതെല്ലാം?
6. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചത് എവിടെ?
7. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങൾ ലിസ്റ്റ് ചെയ്യുക.
8. പഞ്ചശീലതത്ത്വങ്ങളിൽ ഒപ്പുവെച്ച ഭരണാധികാരികൾ ആരെല്ലാം? പഞ്ചശീലതത്ത്വങ്ങൾ പട്ടികപ്പെടുത്തുക.
9. സ്വതന്ത്രഇന്ത്യ ശാസ്ത്ര - സാങ്കേതിക രംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ പട്ടികപ്പെടുത്തുക.

**ഉത്തരസൂചിക**

**പ്രവർത്തനം - 1**

(ബി) സർദാർ വല്ലഭ്ഭായ് പട്ടേൽ

**പ്രവർത്തനം - 2**

(എ) ഹൈദരാബാദ്
(ബി) കാശ്മീർ

**പ്രവർത്തനം - 3**

(എ) മാഹി
(ബി) 1954
(സി) ഗോവ
(ഡി) 1961

**പ്രവർത്തനം - 4**

(എ) ഫസൽ അലി
(ബി) പോട്ടി ശ്രീരാമലു
(സി) ഡോ.രാജേന്ദ്രപ്രസാദ്
(ഡി) ഡോ.ബി.ആർ. അംബേദ്കർ
(ഇ) ജവഹർലാൽ നെഹ്റു

**പ്രവർത്തനം - 5**

(1) ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ
(2) ഡോ.രാധാകൃഷ്ണൻ കമ്മീഷൻ
(3) സെക്കണ്ടറി വിദ്യാഭ്യാസ മേഖല
(4) ഡോ.രാധാകൃഷ്ണൻ കമ്മീഷൻ
(5)ലക്ഷ്യം - വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദേശം.


**ശുപാർശകൾ**


♦ 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം.
♦ സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം.
♦ മൂല്യവിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം.

**പ്രവർത്തനം - 6**

(എ) ഇന്ത്യൻ ബഹിരാകാശ വകുപ്പിന്റെ ചൊവ്വാദൗത്യത്തിന്റെ പേര് ഏതാണ്?
(ബി) ഇന്ത്യ വിക്ഷേപിച്ച ആദ്യ ഉപഗ്രഹം ഏത്?
(സി) ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചതെവിടെ?
(ഡി) ആദ്യകാലത്ത് ഇന്ത്യ വികസിപ്പിച്ച മിസൈലുകളുടെ പേരെഴുതുക?
(ഇ) ഇന്ത്യയുടെ ആദ്യത്തെ ചന്ദ്രപരീക്ഷണ ദൗത്യം ഏത്?

**പ്രവർത്തനം - 7**




**പ്രവർത്തനം - 8**

(എ)
- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
- പരസ്പരം ആക്രമിക്കാതിരിക്കുക.
- ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
- സമത്വവും പരസ്പര സഹായവും പുലർത്തുക.
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

(ബി)
- ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലായും.

**പ്രവർത്തനം - 9**

(എ) ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്

(ബി) ഇന്ത്യൻ ആണവോർജകമ്മീഷൻ.

(സി) ലോകോത്തര എൻജിനീയറിങ് വിദ്യാലയങ്ങൾ

(ഡി) ബയോമെഡിക്കൽ എൻജിനീയറിങ്, ജനിതകശാസ്ത്രം, സമുദ്രഗവേഷണം, ഐ.ടി. മേഖലകളിൽ പുരോഗതി.

# അധ്യായം - 8
# കേരളം ആധുനികതയിലേക്ക്

യൂറോപ്യൻമാരുടെ കേരളത്തിലേക്കുള്ള കടന്നുവരവും ഇവിടുത്തെ വ്യാപാരകുത്തകയ്ക്കു വേണ്ടി അവർ നടത്തിയ കിടമത്സരങ്ങളും, യൂറോപ്യൻ ശക്തികൾക്കെതിരെ നടന്ന ആദ്യകാല ചെറുത്തു നിൽപ്പുകളും തുടർന്നുണ്ടായ ബ്രീട്ടീഷ് ആധിപത്യവും, അത് കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക -രാഷ്ട്രീയ-വിദ്യാഭ്യാസമേഖലകളിലുണ്ടാക്കിയ മാറ്റങ്ങളും ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നു. കൂടാതെ കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയും ഐക്യകേരളരൂപീകരണവും ഈ അധ്യായത്തിൽ ചർച്ചചെയ്യപ്പെടുന്നു.

**പ്രധാന ആശയങ്ങൾ**

(1) കേരളത്തിലെ ബ്രീട്ടിഷ് ആധിപത്യം
(2) ആദ്യകാല ചെറുത്തുനിൽപ്പുകൾ
(3) ഭൂബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ
(4) വ്യാവസായിക രംഗത്തുണ്ടാക്കിയ മാറ്റങ്ങൾ
(5) സാമൂഹിക - സാംസ്കാരികരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ
(6) സാമൂഹ്യ പരിഷ്കരണപ്രസ്ഥാനങ്ങൾ
(7) ഐക്യകേരളരൂപീകരണം.

**പ്രവർത്തനം - 1**

ബ്രിട്ടീഷ് ആധിപത്യം കേരളത്തിൽ സ്ഥാപിക്കാനിടയാക്കിയ സാഹചര്യങ്ങൾ പട്ടികപ്പെടുത്തുക.

മലബാർ - 1792 ലെ ശ്രീരംഗപട്ടണം സന്ധി പ്രകാരം ബ്രിട്ടീഷുകാർക്ക് ലഭിച്ചു.

കൊച്ചി - (എ)..........................................................................................................

തിരുവിതാംകൂർ - (ബി)..........................................................................................................


**പ്രവർത്തനം - 2**

ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ കേരളത്തിലുണ്ടായ ആദ്യകാല ചെറുത്തുനിൽപ്പുകൾ വിശദമാക്കുന്ന പട്ടിക പൂർത്തിയാക്കുക.

| നേതൃത്വം | പ്രദേശം | കാരണം |
|---|---|---|
| 1. (എ)...................................... | 1. കേരളവർമ്മ പഴശ്ശിരാജ | ♦ കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അധികാരംനിഷേധിച്ചു. |
| 2. കൊച്ചി | 2. (ബി)........................................ | ♦ ആഭ്യന്തരകാര്യങ്ങളിലെ അനിയന്ത്രിത ഇടപെടൽ |
| 3. തിരുവിതാംകൂർ | 3. വേലുത്തമ്പിദളവ | (സി)................................................ |

**പ്രവർത്തനം – 3**

കേരളത്തിലെ ആധുനിക വ്യവസായങ്ങളുമായി ബന്ധപ്പെട്ട പദസൂര്യൻ പൂർത്തിയാക്കുക.




**പ്രവർത്തനം – 4**

എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയത്തിന് കേരളത്തിൽ തുടക്കം കുറിക്കുന്നത് മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയാണ്. കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച മിഷനറി സംഘങ്ങളും അവരുടെ പ്രവർത്തന മേഖലയും കാണിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| മിഷനറിസംഘം | പ്രവർത്തനമേഖല |
|---|---|
| 1. ലണ്ടൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്) | 1. (എ)................................................... |
| 2. (ബി)................................................... | 2. കൊച്ചി, തിരുവിതാംകൂർ |
| 3. ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (ബി.ഇ.എം) | 3. (സി)................................................... |

**പ്രവർത്തനം – 5**

ചേരുംപടി ചേർക്കുക

| | സാമൂഹികപരിഷ്കർത്താക്കൾ | | പ്രസ്ഥാനങ്ങൾ |
|---|---|---|---|
| 1. | അയ്യങ്കാളി | ♦ | ശ്രീനാരായണധർമ്മപരിപാലനയോഗം |
| 2. | ശ്രീനാരായണഗുരു | ♦ | തിരുവിതാംകൂർ മുസ്ലീം മഹാജനസഭ |
| 3. | വാഗ്ഭടാനന്ദൻ | ♦ | സാധുജനപരിപാലനസംഘം |
| 4. | വി.ടി ഭട്ടതിരിപ്പാട് | ♦ | പ്രത്യക്ഷരക്ഷാദൈവസഭ |
| 5. | വക്കം അബ്ദുൽഖാദർ മൗലവി | ♦ | യോഗക്ഷേമസഭ |
| 6. | കുമാരഗുരുദേവൻ | ♦ | ആത്മവിദ്യാസംഘം |

**പ്രവർത്തനം - 6**

സൂചനകൾക്കനുസരിച്ച് ബ്രാക്കറ്റിൽ നിന്നും ഉത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.

[വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം, ചാന്നാർലഹള, അരുവിപ്പുറം പ്രതിഷ്ഠ]

1. അവർണസമുദായത്തിൽപെട്ടവർക്കുകൂടി ക്ഷേത്രകർമ്മവും പൂജകളും നടത്താൻ അവകാശം ലഭിച്ച സംഭവം?
2. എല്ലാ ജാതിയിലുംപെട്ട ഹിന്ദുക്കൾക്ക് ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ട് കെ.കേളപ്പന്റെ നേതൃത്വത്തിൽ നടന്ന സത്യാഗ്രഹം.
3. സഞ്ചാരസ്വാതന്ത്ര്യത്തിനായി ടി.കെ. മാധവന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭം ഏത്?
4. മാറുമറയ്ക്കാനുള്ള അവകാശത്തിനായി തെക്കൻ തിരുവിതാംകൂറിലെ സ്ത്രീകൾ നടത്തിയ പോരാട്ടം ഏത്?

**പ്രവർത്തനം - 7**

ഉത്തരവാദഭരണത്തിനായി കേരളത്തിൽ നടന്ന വിവിധ പ്രക്ഷോഭങ്ങളും അവയുടെ വർഷവും താഴെ പട്ടികയിൽ **എ, ബി** കോളങ്ങളിൽ കൊടുത്തിരിക്കുന്നു. ഇതിന് നേതൃത്വം കൊടുത്തവരുടെ പേരുകൾ ബ്രാക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത് **സി** കോളത്തിൽ എഴുതുക.


ബാരിസ്റ്റർ ജി.പി.പിള്ള, എൻ.വി. ജോസഫ്, പി.കെ.കുഞ്ഞ്. ഡോ.പൽപ്പു

| എ | ബി | സി |
|---|---|---|
| **പ്രക്ഷോഭം** | **വർഷം** | **നേതൃത്വം** |
| മലയാളി മെമ്മോറിയൽ | 1891 | ........................................ |
| ഈഴവ മെമ്മോറിയൽ | 1896 | ........................................ |
| നിവർത്തന പ്രക്ഷോഭം | 1932 | ........................................ |

**പ്രവർത്തനം - 8**

ഒറ്റപ്പാലത്ത് നടന്ന ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയസമ്മേളനം
തൃശ്ശൂരിൽ ചേർന്ന ഐക്യകേരള കൺവെൻഷൻ
നാഗ്പൂരിൽ ചേർന്ന കോൺഗ്രസ് സമ്മേളനം.
കേരളസംസ്ഥാനരൂപീകരണം.
തിരു-കൊച്ചി സംസ്ഥാനരൂപീകരണം.

ഐക്യകേരള രൂപീകരണവുമായി ബന്ധപ്പെട്ട് മുകളിൽ നൽകിയിരിക്കുന്ന സംഭവങ്ങളെ കാലഗണനക്കനുസരിച്ച് ക്രമീകരിക്കുക.



## വിലയിരുത്തൽ ചോദ്യങ്ങൾ

1. മലബാർ, തിരുവിതാംകൂർ, കൊച്ചി തുടങ്ങിയ പ്രദേശങ്ങൾ ബ്രിട്ടീഷ് നിയന്ത്രണത്തിൽ വന്നതെങ്ങനെ?
2. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യകാല ചെറുത്തുനിൽപ്പുകൾക്ക് നേതൃത്വം നൽകിയത് ആരെല്ലാം?
3. കേരളത്തിലെ ആധുനിക വ്യവസായങ്ങൾ പട്ടികപ്പെടുത്തുക.
4. തിരുവിതാംകൂറിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിയ രണ്ട് മിഷനറി സംഘങ്ങൾ ഏതെല്ലാം?
5. അയ്യങ്കാളി സ്ഥാപിച്ച സാമൂഹിക പരിഷ്ക്കരണപ്രസ്ഥാനം ഏത്?
6. ഗുരുവായൂർ സത്യാഗ്രഹത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
7. മലയാളി മെമ്മോറിയലിന് നേതൃത്വം കൊടുത്തതാര്?
8. ഐക്യകേരളത്തിന്റെ രൂപീകരണത്തിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ എഴുതുക.

## ഉത്തര സൂചിക

**പ്രവർത്തനം - 1**

(എ) 1792 ൽ കൊച്ചിരാജാവ് ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു.
(ബി) 1795 ലെ ഉടമ്പടി പ്രകാരം തിരുവിതാംകൂർ ബ്രിട്ടിഷ് മേൽക്കോയ്മ അംഗീകരിച്ചു.

**പ്രവർത്തനം - 2**

(എ) മലബാർ
(ബി) പാലിയത്തച്ചൻ.
(സി) ആഭ്യന്തരകാര്യങ്ങളിലെ അനിയന്ത്രിതമായ ഇടപെടൽ

**പ്രവർത്തനം - 3**

(1) പുനലൂർ പേപ്പർമിൽ
(2) കളമശ്ശേരിയിലെ ഫാക്ട്.
(3) തിരുവനന്തപുരം റബർവർക്സ്
(4) കൊച്ചിയിലെ ടാറ്റാ ഓയിൽ മിൽസ്
(5) കൊച്ചിയിലെ അളഗപ്പ തുണിമിൽ

**പ്രവർത്തനം - 4**

(എ) തിരുവിതാംകൂർ
(ബി) ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്)
(സി) മലബാർ

**പ്രവർത്തനം - 5**

| | | |
|---|---|---|
| (1) അയ്യങ്കാളി | - | സാധുജനപരിപാലനസംഘം |
| (2) ശ്രീനാരായണഗുരു | - | ശ്രീനാരായണധർമ്മപരിപാലനയോഗം |
| (3) വാഗ്ഭടാനന്ദൻ | - | ആത്മവിദ്യാസംഘം |
| (4) വി.ടി ഭട്ടതിരിപ്പാട് | - | യോഗക്ഷേമസഭ |
| (5) വക്കം അബ്ദുൽഖാദർ മൗലവി | - | തിരുവിതാംകൂർ മുസ്ലീം മഹാജനസഭ |
| (6) കുമാരഗുരുദേവൻ | - | പ്രത്യക്ഷരക്ഷാദൈവസഭ |

**പ്രവർത്തനം - 6**

(1) അരുവിപ്പുറം പ്രതിഷ്ഠ
(2) ഗുരുവായൂർ സത്യാഗ്രഹം
(3) വൈക്കം സത്യാഗ്രഹം
(4) ചാന്നാർലഹള

**പ്രവർത്തനം - 7**

(1) ഈഴവമെമ്മോറിയൽ - ഡോ.പൽപ്പു
(2) മലയാളിമെമ്മോറിയൽ - ബാരിസ്റ്റർ ജി.പി. പിള്ള
(3) നിവർത്തനപ്രക്ഷോഭം - എൻ.വി. ജോസഫ്, പി.കെ.കുഞ്ഞ്

**പ്രവർത്തനം - 8**

1956 — കേരളസംസ്ഥാനരൂപീകരണം.
1949 — തിരു-കൊച്ചി സംസ്ഥാനരൂപീകരണം.
1947 — തൃശ്ശൂരിൽ ചേർന്ന ഐക്യകേരള കൺവെൻഷൻ.
1921 — ഒറ്റപ്പാലത്ത് നടന്ന ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയസമ്മേളനം.
1920 — നാഗ്പൂരിൽ ചേർന്ന കോൺഗ്രസ് സമ്മേളനം.

# അധ്യായം - 9
# രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാനും ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കാനും പ്രതിസന്ധി ഘട്ടങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കുവാനും കഴിയുന്ന ഏക സ്ഥാപനമാണ് രാഷ്ട്രം. രാഷ്ട്രത്തിന്റെ അടിസ്ഥാനഘടകങ്ങൾ, ചുമതലകൾ, രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പരബന്ധം രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ആവിർഭാവം, പഠനമേഖലകൾ തുടങ്ങിയവയാണ് ഈ പാഠഭാഗത്തിൽ വിശകലനം ചെയ്യുന്നത്.

**പ്രധാന ആശയങ്ങൾ**

- ♦ രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ
- ♦ രാഷ്ട്രത്തിന്റെ ചുമതലകൾ
- ♦ രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ
- ♦ പൗരത്വം, സവിശേഷതകൾ
- ♦ രാഷ്ട്രതന്ത്രശാസ്ത്രം - പഠനമേഖലകൾ

**പ്രവർത്തനം - 1**

രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങളുടെ സവിശേഷതകളാണ് കൊടുത്തിരിക്കുന്നത്. സവിശേഷത കളിൽ നിന്നും ഘടകം തിരിച്ചറിഞ്ഞ് ഫ്ളോചാർട്ട് തയ്യാറാക്കുക.

(എ)

- ♦ രാജ്യത്തിന് വേണ്ടി നിയമങ്ങൾ നിർമ്മിക്കുകയും നടപ്പാക്കുകയും ചെയ്യുന്നു.
- ♦ നീതി ഉറപ്പാക്കുന്നു.
- ♦ ജനങ്ങൾക്ക് സുരക്ഷ ഉറപ്പുവരുത്തുന്നു.
- ♦ സേവനങ്ങൾ ലഭ്യമാക്കുന്നു

(ബി)

- ♦ കൃത്യമായ അതിർത്തി.
- ♦ രാഷ്ട്രത്തിന് പൂർണ നിയന്ത്രണം.
- ♦ കരയും ജലമേഖലയും വായുമേഖലയും തീരപ്രദേശവും ഉൾപ്പെടുന്നു.
- ♦ വലിപ്പത്തിന് പ്രാധാന്യമില്ല.

(സി)

- ♦ ആഭ്യന്തര വിഷയങ്ങളിൽ തീരുമാനമെടുക്കാൻ അധികാരം.
- ♦ അന്തർദേശീയ വിഷയങ്ങളിൽ സ്വന്ത മായ നിലപാടെടുക്കുവാൻ പൂർണമായ അധികാരം.
- ♦ രാഷ്ട്രത്തെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്ന ഘടകം.

(ഡി)

- ♦ പരസ്പരധാരണ
- ♦ പരസ്പര ആശ്രയത്വം.
- ♦ പൊതുതാൽപ്പര്യം
- ♦ ജനസംഖ്യ നിശ്ചയിക്കപ്പെട്ടിട്ടില്ല.
- ♦ വ്യത്യസ്ത മതം, ഭാഷ, ആചാരം

**രാഷ്ട്രത്തിന്റെ ഘടകങ്ങൾ**

(ബി)................................

(ഡി)................................

(എ)................................

(സി)................................

**പ്രവർത്തനം – 2**

ചുവടെ നൽകിയിരിക്കുന്ന രാഷ്ട്രത്തിന്റെ ചുമതലകളെ നിർബന്ധിതമായ ചുമതല, വിവേചനപരമായ ചുമതല എന്നീ തലക്കെട്ടുകളിൽ പട്ടികപ്പെടുത്തുക.

- അതിർത്തിസംരക്ഷണം
- ഗതാഗതസൗകര്യം ഒരുക്കുക.
- നീതി നടപ്പാക്കൽ
- അവകാശസംരക്ഷണം
- ക്ഷേമപദ്ധതികൾ നടപ്പാക്കുക.
- വിദ്യാഭ്യാസ സൗകര്യം ഒരുക്കുക
- ആഭ്യന്തര സമാധാനം
- ആരോഗ്യസംരക്ഷണം നൽകുക.

| നിർബന്ധിതമായ ചുമതല | വിവേചനപരമായ ചുമതല |
|---|---|
| • രാഷ്ട്രം എക്കാലത്തും നിർബന്ധമായി നിർവ്വഹിക്കേണ്ട ചുമതലകൾ | • രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവ്വഹിക്കേണ്ട ചുമതലകൾ |
| • | • |
| • | • |
| • | • |
| • | • |

**പ്രവർത്തനം – 3**

രാഷ്ട്രരൂപീകരണസിദ്ധാന്തവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന സൂചനകളിൽ നിന്നും സിദ്ധാന്തം ഏതെന്ന് തിരിച്ചറിഞ്ഞെഴുതുക.

സൂചനകൾ:

- ♦ രാഷ്ട്രം സാമൂഹിക പരിണാമത്തിലൂടെ രൂപപ്പെട്ടു.
  സിദ്ധാന്തം : ......................................................................
- ♦ ജനങ്ങൾ രൂപം നൽകിയ കരാറിലൂടെ രാഷ്ട്രം നിലവിൽവന്നു.
  സിദ്ധാന്തം : ......................................................................
- ♦ രാഷ്ട്രം ദൈവസൃഷ്ടിയാണ്.
  സിദ്ധാന്തം : ....................................................................
- ♦ ശക്തരായവർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ചതിലൂടെ രാഷ്ട്രം രൂപീകരിക്കപ്പെട്ടു.
  സിദ്ധാന്തം : ....................................................................

**പ്രവർത്തനം – 4**

എ, ബി എന്നിവയുടെ നിർവചനം നൽകി പൂർത്തിയാക്കുക.

**പൗരത്വം**
ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വം

**(എ) സ്വാഭാവികപൗരത്വം**
................................................
................................................

**(ബി) ആർജിതപൗരത്വം**
................................................
................................................

**പ്രവർത്തനം - 5**

(1) രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് ആര്?

(2) ഏറ്റവും സ്വീകാര്യമായ രാഷ്ട്രരൂപീകരണ സിദ്ധാന്തം ഏത്?


(3) രാഷ്ട്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അരിസ്റ്റോട്ടിലിന്റെ കൃതി ഏത്?

(4) രാഷ്ട്രം എന്ന പദം ആദ്യമായി ഉപയോഗിച്ച പാശ്ചാത്യ ചിന്തകൻ ആര്?

(5) "രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽപേർക്ക് ഏറ്റവും കൂടുതൽ നന്മ ചെയ്യലാണ്" - ആരുടെ വാക്കുകളാണിവ?

**പ്രവർത്തനം - 6**

രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പഠനമേഖലകൾ ചേർത്ത് ഡയഗ്രം പൂർത്തിയാക്കുക...



**വിലയിരുത്തൽ ചോദ്യങ്ങൾ**

1. രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങൾ ഏതെല്ലാം? ഓരോ ഘടകത്തിന്റെയും സവിശേഷതകൾ പട്ടികപ്പെടുത്തുക.
2. രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ ലിസ്റ്റ് ചെയ്യുക.
3. എന്താണ് പൗരത്വം? രണ്ടുതരം പൗരത്വങ്ങൾ ഏതെല്ലാം?
4. രാഷ്ട്രം എന്ന പദം ആദ്യമായി ഉപയോഗിച്ച പാശ്ചാത്യചിന്തകൻ ആര്?
5. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പഠനമേഖലകളിൽ രണ്ടെണ്ണം എഴുതുക.
6. രാഷ്ട്രത്തിന്റെ നിർബന്ധിതവും വിവേചനപരവുമായ ചുമതലകൾ തമ്മിലുള്ള വ്യത്യാസമെന്ത്? ഓരോന്നിനും ഉദാഹരണം എഴുതുക.

**ഉത്തര സൂചിക**

**പ്രവർത്തനം – 1**

(എ) ഗവൺമെന്റ്
(ബി) ഭൂപ്രദേശം
(സി) പരമാധികാരം
(ഡി) ജനങ്ങൾ

**പ്രവർത്തനം – 2**

| നിർബന്ധിതമായ ചുമതലകൾ | വിവേചനപരമായ ചുമതലകൾ |
|---|---|
| ♦ അതിർത്തിസംരക്ഷണം | ♦ ഗതാഗതസൗകര്യം ഒരുക്കൽ |
| ♦ നീതി നടപ്പാക്കൽ | ♦ ക്ഷേമപദ്ധതികൾ നടപ്പാക്കുക |
| ♦ അവകാശസംരക്ഷണം | ♦ വിദ്യാഭ്യാസസൗകര്യം ഒരുക്കുക. |
| ♦ ആഭ്യന്തരസമാധാനം | ♦ ആരോഗ്യസംരക്ഷണം നൽകുക. |

**പ്രവർത്തനം – 3**

(എ) പരിണാമസിദ്ധാന്തം
(ബി) സാമൂഹികഉടമ്പടി സിദ്ധാന്തം
(സി) ദൈവദത്തസിദ്ധാന്തം
(ഡി) ശക്തിസിദ്ധാന്തം

**പ്രവർത്തനം – 4**

(എ) സ്വാഭാവിക പൗരത്വം
- ജന്മനാ ലഭിക്കുന്ന പൗരത്വം

(ബി) ആർജിത പൗരത്വം
- ഒരു രാജ്യത്തെ നിലവിലുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നേടുന്ന പൗരത്വം.

**പ്രവർത്തനം – 5**

(1) അരിസ്റ്റോട്ടിൽ
(2) പരിണാമ സിദ്ധാന്തം
(3) പൊളിറ്റിക്സ്
(4) നിക്കോളോ മാക്യവല്ലി
(5) ജെർമി ബന്താം

**പ്രവർത്തനം – 6**

(എ) രാഷ്ട്രീയസിദ്ധാന്തങ്ങൾ
(ബി) അന്തർദേശീയരാഷ്ട്രീയം
(സി) താരതമ്യരാഷ്ട്രീയം

# അധ്യായം - 10
# പൗരബോധം

ഉത്തമമായ സാമൂഹിക സൃഷ്ടിക്ക് എല്ലാവരിലും ക്രിയാത്മകമായ മനോഭാവങ്ങളും മൂല്യങ്ങളും ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. ഓരോ പൗരനും സമൂഹത്തിനുവേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമതാൽപ്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം. പൗരബോധമുള്ള ഉത്തമമാതൃകകളെ പരിചയപ്പെടുത്തുകയും, പൗരബോധം രൂപപ്പെടാൻ സഹായിക്കുന്ന ഘടകങ്ങളെ പരിചയപ്പെടുത്തുകയുമാണ് ഈ യൂണിറ്റിന്റെ ഉള്ളടക്കം.

**പ്രധാന ആശയങ്ങൾ**

(1) പൗരബോധം
(2) പൗരബോധത്തിന്റെ പ്രാധാന്യം
(3) പൗരബോധം രൂപപ്പെടുത്തുന്ന പ്രധാനഘടകങ്ങൾ
(4)പൗരബോധവും ധാർമികതയും
(5)പൗരബോധം നേരിടുന്ന വെല്ലുവിളികൾ.

**പ്രവർത്തനം - 1**

ഹജ്ജബ്ബ, കല്ലേൻപൊക്കുടൻ എന്നിവരുടെ ചിത്രങ്ങൾ നിരീക്ഷിക്കുക


ഹജ്ജബ്ബ


കല്ലേൻപൊക്കുടൻ

ഈ വ്യക്തികളെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാക്കുന്ന സവിശേഷതകൾ ലിസ്റ്റ് ചെയ്യുക.

- ♦
- ♦
- ♦
- ♦

**പ്രവർത്തനം - 2**

പൊതുസമൂഹം നേരിടുന്ന ചില പ്രശ്നങ്ങളാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ കൂടുതൽ മാർഗങ്ങൾ കണ്ടെത്തി എഴുതുക.

| പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|
| ജലക്ഷാമം | ♦ മഴവെള്ള സംഭരണം<br>♦ ......................................................................<br>♦ ...................................................................... |
| പരിസരമലിനീകരണം | ♦ ......................................................................<br>♦ മരങ്ങൾ വെച്ചുപിടിപ്പിക്കുക<br>♦ ...................................................................... |
| അഴിമതി | ♦ അഴിമതിക്കെതിരായ ബോധവൽക്കരണം<br>♦ ......................................................................<br>♦ ...................................................................... |

**പ്രവർത്തനം - 3**

പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ താഴെ പട്ടികയിൽ നൽകിയിരിക്കുന്നു. പൗരബോധരൂപീകരണത്തിൽ ഇവയുടെ പങ്ക് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| കുടുംബം | വിദ്യാഭ്യാസം | സംഘടനകൾ | മാധ്യമങ്ങൾ | ജനാധിപത്യ വ്യവസ്ഥ |
|---|---|---|---|---|
| ♦ മുതിർന്നവരെ ബഹുമാനിക്കൽ | ♦ | ♦ സേവന സന്നദ്ധത | ♦ ആശയരൂപീകരണം | ♦ |
| | ♦ | ♦ | ♦ | ♦ |
| ♦ | ♦ | ♦ | ♦ | ♦ |
| ♦ | ♦ | ♦ | ♦ | ♦ സമത്വചിന്ത |
| ♦ | ♦ മൂല്യബോധം | ♦ | | ♦ |

**പ്രവർത്തനം - 4**

സമൂഹത്തിൽ നടക്കുന്ന ധാർമികവും അധാർമികവുമായ പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവയെ അനുയോജ്യമായ പെട്ടിയിൽ നിറയ്ക്കുക.

- ജോലി ചെയ്ത് പണം സമ്പാദിക്കുക.
- പൊതുമുതൽ നശിപ്പിക്കുക
- മറ്റുള്ളവരെ ചൂഷണംചെയ്ത് പണം സമ്പാദിക്കുന്നു.
- സഹജീവികളെ സഹായിക്കുന്നു
- പൊതുമുതൽ സംരക്ഷിക്കുന്നു
- അഴിമതിയെ എതിർക്കുന്നു.
- സഹജീവികളെ ദ്രോഹിക്കുന്നു
- അഴിമതിക്ക് കൂട്ടുനിൽക്കുക.

**ധാർമിക പെട്ടി**


- ..................................................
- ..................................................
- ..................................................
- ..................................................

**അധാർമിക പെട്ടി**

- ..................................................
- ..................................................
- ..................................................
- ..................................................

**പ്രവർത്തനം - 5**

പൊതുതാൽപ്പര്യങ്ങളെ അവഗണിച്ച് സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാവുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി. ഈ വെല്ലുവിളിയെ മറികടക്കാൻ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുക.



## വിലയിരുത്തൽ ചോദ്യങ്ങൾ

1. പൗരബോധമുള്ള വ്യക്തികളിൽ കാണുന്ന പ്രധാന സവിശേഷതകൾ എന്തെല്ലാം?
2. പൊതുസമൂഹം നേരിടുന്ന ഏതാനും പ്രശ്നങ്ങളും പരിഹാരങ്ങളും പട്ടികപ്പെടുത്തുക.
3. കുടുംബം, വിദ്യാഭ്യാസം എന്നിവ പൗരബോധരൂപീകരണത്തിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് വിവരിക്കുക.
4. പൗരബോധം പ്രകടിപ്പിക്കുന്ന ധാർമിക പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുക.
5. പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളിയെന്ത്? ഇത് പരിഹരിക്കാനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുക.

## ഉത്തര സൂചിക

**പ്രവർത്തനം - 1**

(1) സാമൂഹിക പ്രതിബദ്ധത
(2) മൂല്യബോധം.
(3) നിസ്വാർത്ഥത
(4) അർപ്പണബോധം
(5) വ്യത്യസ്തമായ ചിന്ത

**പ്രവർത്തനം - 2**

| പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|
| ജലക്ഷാമം | ♦ കാര്യക്ഷമതയോടെയുള്ള ഉപയോഗം<br>♦ ജലസ്രോതസ്സുകൾ മലിനമാക്കാതിരിക്കുക |
| പരിസരമലിനീകരണം | ♦ ഉറവിടങ്ങളിൽ തന്നെ മാലിന്യസംസ്കരണം<br>♦ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക. |
| അഴിമതി | ♦ പരാതിപ്പെടൽ<br>♦ അഴിമതിയിൽ നിന്ന് സ്വയം അകന്നു നിൽക്കുക. |

**പ്രവർത്തനം - 3**

| കുടുംബം | വിദ്യാഭ്യാസം | സംഘടനകൾ |
|---|---|---|
| ♦ മുതിർന്നവരെ ബഹുമാനിക്കൽ<br>♦ സമൂഹസേവനത്തിൽ ഏർപ്പെടൽ.<br>♦ കർത്തവ്യബോധം<br>♦ പ്രോത്സാഹനവും പ്രചോദനവും | ♦ മൂല്യബോധം<br>♦ സഹിഷ്ണുത<br>♦ നേതൃത്വഗുണം<br>♦ പരിസ്ഥിതിബോധം<br>♦ ശാസ്ത്രാവബോധം | ♦ സേവനസന്നദ്ധത<br>♦ നിസ്വാർത്ഥമായപ്രവർത്തനം<br>♦ ദേശീയബോധം<br>♦ ജീവകാരുണ്യപ്രവർത്തനം.<br>♦ മനുഷ്യാവകാശബോധം |

**പ്രവർത്തനം - 3**

| മാധ്യമങ്ങൾ | ജനാധിപത്യവ്യവസ്ഥ |
|---|---|
| ♦ വാർത്തകളും വിവരങ്ങളും ജനങ്ങളിലെത്തിക്കുന്നു.<br>♦ ആശയരൂപീകരണം<br>♦ മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം<br>♦ അറിവുകളെ വിമർശനാത്മകമായി വിലയിരുത്തണം. | ♦ ജനാധ്യപത്യം ജീവിതശൈലി<br>♦ പരസ്പരസഹകരണം<br>♦ സഹജീവിബോധം<br>♦ നിയമവാഴ്ചയിലുള്ള വിശ്വാസം<br>♦ സമത്വചിന്ത |

**പ്രവർത്തനം - 4**

**ധാർമിക പെട്ടി**

- ♦ ജോലി ചെയ്ത് പണം സമ്പാദിക്കുന്നു
- ♦ പൊതുമുതൽ സംരക്ഷിക്കുന്നു.
- ♦ സഹജീവികളെ സഹായിക്കുന്നു.
- ♦ അഴിമതിയെ എതിർക്കുന്നു.

**അധാർമിക പെട്ടി**

- ♦ മറ്റുള്ളവരെ ചൂഷണം ചെയ്ത് പണം സമ്പാദിക്കുന്നു
- ♦ പൊതുമുതൽ നശിപ്പിക്കുന്നു.
- ♦ സഹജീവികളെ ദ്രോഹിക്കുന്നു.
- ♦ അഴിമതിക്ക് കൂട്ടുനിൽക്കുന്നു.

**പ്രവർത്തനം - 5**

(1) ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
(2) പൊതുതാൽപ്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക.
(3) ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക.
(4) അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക.

## അധ്യായം 11
## സമൂഹശാസ്ത്രം : എന്ത്? എന്തിന്?


മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിലുള്ള പരസ്പരബന്ധങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം. സമൂഹശാസ്ത്രത്തിന്റെ ഉത്ഭവം, വളർച്ച, സമൂഹശാസ്ത്രത്തിലെ പഠനമേഖലകൾ, പഠനരീതികൾ തുടങ്ങിയവ ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നു.

**പ്രധാന ആശയങ്ങൾ**

1. സമൂഹശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം
2. ആദ്യകാല സമൂഹശാസ്ത്ര ചിന്തകർ
3. സമൂഹശാസ്ത്രത്തിലെ പഠനമേഖലകൾ
4, സമൂഹശാസ്ത്രത്തിലെ പഠനരീതികൾ

**പ്രവർത്തനം 1**

സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.





**പ്രവർത്തനം 2**

ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങളിൽ നിന്ന് ഇന്ത്യൻ സമൂഹശാസ്ത്രചിന്തകരെ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുക.


ഡി.പി. മുഖർജി


അഗസ്ത് കോംതെ


എം.എൻ ശ്രീനിവാസ്


ഹെർബർട്ട് സ്പെൻസർ


ജി.എസ്. ഘുര്യേ

A ------------------------------, B ------------------------------, C ------------------------------

2 മുകളിൽ കൊടുത്തിരിക്കുന്നവരിൽ സമൂഹ ശാസ്ത്രത്തിന്റെ പിതാവായി പരിഗണിക്കുന്നതാരെ?

3 ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തതത്ത്വങ്ങൾ സമൂഹശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകനാര്?

**പ്രവർത്തനം 3**

സമൂഹശാസ്ത്രം വിശകലനവിധേയമാക്കുന്ന പഠനമേഖലകളിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു.മറ്റുള്ളവ കൂട്ടിച്ചേർക്കുക.


**സമൂഹശാസ്ത്രത്തിലെ പഠനമേഖലകൾ**

| | |
|---|---|
| • സാമൂഹികസ്ഥാപനങ്ങൾ | • ............................................ |
| • ............................................ | • ............................................ |
| • ............................................ | • സാമൂഹീകരണം |
| • ............................................ | • ............................................ |

**പ്രവർത്തനം 4**

സമൂഹശാസ്ത്രത്തിലെ പഠനരീതികളുടെ ഫ്ളോചാർട്ട് പൂർത്തിയാക്കി താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

1. **സമൂഹശാസ്ത്രത്തിലെ പഠനരീതികൾ**




2. രണ്ട് തരം നിരീക്ഷണങ്ങൾ ഏതെല്ലാം? ഇവതമ്മിലുള്ള വ്യത്യാസം വിശദമാക്കുക.

**വിലയിരുത്തൽ ചോദ്യങ്ങൾ**

1 സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

2 സമൂഹശാസ്ത്രത്തിന്റെ പിതാവ് ആര്?

3 പരിണാമസിദ്ധാന്തതത്ത്വങ്ങൾ സമൂഹശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകനാര്?

4 സമൂഹശാസ്ത്രത്തിലെ പഠനമേഖലകൾ ലിസ്റ്റ് ചെയ്യുക.

5 വിവിധ സമൂഹശാസ്ത്രപഠനരീതികൾ ഏതെല്ലാം?

**ഉത്തരസൂചിക**

**പ്രവർത്തനം 1**

1 വ്യക്തിയും സാമൂഹികസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയൽ.
2 സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ
3 സാമൂഹികപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ
4 സാമൂഹികാസൂത്രണത്തിനും വികസനത്തിനും .
5 സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് മാർഗദർശനം നൽകാൻ

**പ്രവർത്തനം 2**

1 A. ജി.എസ് ഘുര്യേ
B. ഡി.പി മുഖർജി
C. എം.എൻ.ശ്രീനിവാസ്
2 അഗസ്ത് കോംതെ
3. ഹെർബർട്ട് സ്പെൻസർ

**പ്രവർത്തനം 3**

- സാമൂഹികസംഘങ്ങൾ
- സാമൂഹികബന്ധങ്ങൾ
- സാമൂഹികനിയന്ത്രണം
- സമുദായങ്ങൾ
- സാമൂഹികമാറ്റം
- സാമൂഹികപ്രശ്നങ്ങൾ

**പ്രവർത്തനം 4**

1 A. സോഷ്യൽ സർവേ
B. അഭിമുഖം
C. കേസ് സ്റ്റഡി
D. പങ്കാളിത്തനിരീക്ഷണം

2
- പങ്കാളിത്തനിരീക്ഷണം
- പങ്കാളിത്തരഹിതനിരീക്ഷണം
- നിരീക്ഷകൻ പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്ന രീതിയാണ് പങ്കാളിത്ത നിരീക്ഷണം
- പഠന സംഘത്തിൽ താമസിച്ച് പഠനം നടത്താതെ പുറത്തു നിന്നും നിരീക്ഷണം നടത്തുന്നതാണ് പങ്കാളിത്തരഹിതനിരീക്ഷണം.